കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2017-18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

e-mail:doklm.ksad@kerala.gov.in

(രജിസ്റ്റർചെയ്ത കൈപ്പറ്റുചീട്ടുസഹിതം)

നം.കെ.എസ്.എ.കെ.എൽ.എം.പി -7/1542/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, കൊല്ലം

തീയതി -13/11/2018

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത് 2017-2018 സാമ്പത്തികവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾപ്രകാരം ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ്സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗംകൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ചചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജനശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടുമാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,കൊല്ലം.

3)കാര്യാലയപകർപ്പ്

നം.കെ.എസ്.എ.കെ.എൽ.എം.പി-7/1542/18 തീയതി: 13/11/2018

## കൊല്ലം ജില്ലയിലെ ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2017 – 2018 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവപ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2017-2018 സാമ്പത്തികവർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01-07-2017 മുതൽ 31-03-2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽനിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത്സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്നുലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനംനൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.സജി കെ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19/7/18 മുതൽ 31/7/18വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.അജി കെ.എസ്. (ഓഡിറ്റ് ഓഫീസർ ഹ.ഗ്രേ.) |
| | ശ്രീമതി.പത്മകുമാരി എൽ (അസി.ഓഡിറ്റ് ഓഫീസർ) |
| | ശ്രീമതി.അമ്പിളി.ജി. (സീ.ഗ്രേ.ഓഡിറ്റർ) |
| | ശ്രീമതി.സുനിത സെബാസ്റ്റ്യൻ (ഓഡിറ്റർ) |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.സുജാത മോഹൻ | 1/4/17 മുതൽ 31/3/18 വരെ |
| സെക്രട്ടറി | ശ്രീ.പി.ഒ.മാത്യൂ | 1/4/17 മുതൽ 2/5/17വരെ |
| | ശ്രീമതി.ലത.എസ് (എസ്.അസി.സെക്രട്ടറി) | 3/5/17 മുതൽ 17/5/17 വരെ |
| | ശ്രീ.പി.ഒ.മാത്യൂ | 18/5/17 മുതൽ 31/5/17 വരെ |
| | ശ്രീമതി.ലത.എസ് (എസ്.അസി.സെക്രട്ടറി) | 1/6/17 മുതൽ 4/6/17 വരെ |
| | ശ്രീ.സ്റ്റീഫൻ മോത്തീസ് | 5/6/17 മുതൽ 31/3/18 വരെ |

| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
|---|---|---|
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി.സെക്രട്ടറി | ശ്രീമതി. ലത എസ് | 1/4/17 മുതൽ 31/3/18 വരെ |
| അസി.എഞ്ചിനീയർ | ശ്രീമതി. ലിജി.എസ് | 1/4/17 മുതൽ 31/3/18 വരെ |
| വി.ഇ.ഒ. | ശ്രീ. ബി.ജയപ്രകാശ് | 1/4/17 മുതൽ 31/3/18 വരെ |
| കൃഷി ഓഫീസർ | ശ്രീ.താഹ | 1/4/17മുതൽ 27/10/17വരെ |
| | ശ്രീ. സജികുമാർ | 27/10/17മുതൽ 31/3/18 വരെ |
| വെറ്റിനറി സർജൻ | ശ്രീ. പ്രദീപ് | 1/4/17 മുതൽ 31/3/18 വരെ |
| ഐ.സി.ഡി.എസ് .സൂപ്പർവൈസർ | ജയശ്രീ ജെ | 1/4/17 മുതൽ 31/3/18 വരെ |
| മെഡിക്കൽ ഓഫീസർ,ആയുർവേദ ഓഫീസർ | ഡോ.ഷമ്മി | 1/4/17 മുതൽ 31/3/18 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.അനൂപ് | 1/4/17 മുതൽ 31/3/18 വരെ |
| ഡയറി ഫാം ഇൻസ്പെക്ടർ | ഡോ.റീന | 1/4/17 മുതൽ 31/3/18 വരെ |
| ഹെഡ്മിസ്ട്രസ് | ശ്രീമതി.ഗ്രേസി തോമസ് | 1/4/17 മുതൽ 31/3/18 വരെ |

# ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് ബാലൻസ് പരിശോധന | 1-9 |
| 10 | അഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | ഗ്രന്ഥശാല പ്രവർത്തനം കാര്യക്ഷമമല്ല | 2-1 |
| 14 | വാടക കുടിശ്ശിക നിലനില്ക്കുന്നു | 2-2 |
| 15 | ഡി ആന്റ് ഒ ലൈസൻസ് | 2-3 |
| 16 | ലേലം | 2-4 |
| 17 | തൊഴിൽനികുതി | 2-5 |
| 18 | സബ്ട്രഷറിയിൽ നിന്നും കെട്ടിട വാടക ഈടാക്കുന്നില്ല | 2-6 |

| | | |
|---|---|---|
| 19 | കമ്മ്യൂണിറ്റി ഹാൾ വാടക -കൃത്യമായ രേഖകൾ സൂക്ഷിച്ചിട്ടില്ല | 2-7 |
| 20 | കെട്ടിട നികുതി ഈടാക്കിയതിൽ കുറവ് | 2-8 |
| 21 | ഇ-ടെണ്ടർ ഫോറം വിലയും വാറ്റും പഞ്ചായത്ത് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല | 2-9 |
| 22 | വേക്കൻസി റെമിഷൻ-കെട്ടിട നികുതി കുറച്ച് അടവാക്കി | 2-10 |
| 23 | നികുതിയിളവ് -ആവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല | 2-11 |
| 24 | അനധികൃത നിർമ്മാണംതുടർ നടപടി സ്വീകരിച്ചില്ല | 2-12 |
| 25 | അസിസ്റ്റന്റ് സെക്രട്ടറിയുടെ ബാങ്ക് അക്കൗണ്ടിൽ തുക ബാക്കി നിൽക്കുന്നു | 2-13 |
| 26 | കമ്മ്യൂണിറ്റി ഹാളിലെ ഉപയോഗരഹിതമായ പാത്രങ്ങളുടെ വിൽപ്പന | 2-14 |
| | ഭാഗം 3 | |
| 27 | ടോയ്‌ലറ്റ് നിർമ്മാണം പദ്ധതി പൂർത്തീകരിച്ചിട്ടില്ല | 3-1 |
| 28 | പൊതുകിണർ മെയിന്റനൻസ് | 3-2 |
| 29 | അക്കൗണ്ടിൽ നിന്നും ക്യാഷ് ഹാൻഡലിംഗ് ചാർജ്ജ് 12,661/-രൂപ ഈടാക്കിയിരിക്കുന്നു | 3-3 |
| 30 | കൃഷി ഓഫീസർ നിർവ്വഹണോദ്യാഗ സ്ഥനായി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ | 3-4 |

| | | |
|---|---|---|
| 31 | രോഗം ബാധിച്ച തെങ്ങുകൾ മുറിച്ച് മാറ്റി പകരം തൈ നടീൽ-10 തെങ്ങുകൾ മുറിച്ച് മാറ്റിയതിന് 20 എണ്ണത്തിന്റെ ധനസഹായം നൽകിയിരിക്കുന്നു | 3-5 |
| 32 | പഞ്ചായത്ത് ഓഫീസിന് കമ്പ്യൂട്ടർ വാങ്ങൽ-ടെണ്ടർ സ്പെസിഫിക്കേഷനിൽ നിന്നും വ്യതിചലിച്ച് പർച്ചേസ് നടത്തിയത് മൂലം 16,500/-രൂപ നഷ്ടം | 3-6 |
| 33 | സ്കൂളുകൾക്ക് ലാപ്ടോപ് വാങ്ങൽ (67/18) -ഒരേ സ്ഥാപനത്തിൽ നിന്നും ഒരേ സ്പെസിഫിക്കേഷനിലുള്ള കമ്പ്യൂട്ടറുകൾ വ്യത്യസ്ത വിലയ്ക്ക് വാങ്ങിയിരിക്കുന്നത് മൂലം 6,030/-രൂപ അധികമായി ചെലവഴിച്ചിരിക്കുന്നു. | 3-7 |
| 34 | ടെണ്ടർ നടപടി സ്വീകരിക്കുന്നതിന് താമസം – പദ്ധതി നിർവ്വഹണം വൈകി | 3-8 |
| 35 | ഗാർഹിക ബയോ ഗ്യാസ് പ്ലാന്റ് നടപ്പിലാക്കിയില്ല | 3-9 |
| 36 | അധികം നൽകിയ കയറ്റിറക്ക് കൂലി ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തിരികെ ഒടുക്കി | 3-10 |
| 37 | വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ ഭവന പുനരുദ്ധാരണം -പണി പൂർത്തീകരിച്ചില്ല | 3-11 |
| 38 | തുക നൽകിയെങ്കിലും ഓട്ടോ വാങ്ങിയില്ല | 3-12 |
| 39 | മരുന്നു വാങ്ങുന്നതിന് വേണ്ടിയുള്ള പ്രോജക്ടുകൾ-മരുന്നുകൾ യഥാസമയം ലഭ്യമാക്കിയില്ല. | 3-13 |

| | | |
|---|---|---|
| 40 | വിനിയോഗ സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയില്ല | 3-14 |
| | ഭാഗം 4 | |
| 41 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 42 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 43 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 44 | വായ്പ/വായ്പാതിരിച്ചടവ് | 4-4 |
| 45 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 46 | ഓഡിറ്റ് റിക്കവറി | 4-6 |
| 47 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 48 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 49 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 50 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 51 | അനുബന്ധം1-ഓഡിറ്റ് സാക്ഷ്യപത്രം | |
| 52 | അനുബന്ധം2 | |

## ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ്/ പുതുക്കിയ ബജറ്റ് 31.03.2018 തിയതിയിലെ 9(2) തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ

എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-7-2018 | 18.06.2018 | ഇല്ല | ഇല്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2017-18 | 22-6-2018<br>25-06-2018 | കെ.എസ്.എ. കെ.എൽ.എം. പി.7/1222/18,<br>17-7-2018 |

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്-1,69,49,095/-

വരവ് - 9,15,93,457/-

ആകെ - 10,85,42,552/-

ചെലവ് - 9,73,67,794/-

നീക്കിയിരിപ്പ്- 1,11,74,758/-

## 1-5 ഫണ്ട് വിനിയോഗം

| ഇനം | | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | | 0 | 1,91,12,000 | 1,91,12,000 | 1,51,59,934 | 39,52,066 |
| വികസനഫണ്ട് എസ്.സി.പി | | 0 | 1,47,25,003 | 1,47,25,003 | 1,28,07,789 | 19,17,214 |
| മെയിനൻറനൻസ് ഫണ്ട് റോഡ് | | 0 | 11,33,000 | 11,33,000 | 1,12,02,133 | 1,20,867 |
| മെയിൻറനൻസ് നോൺ റോഡ് | | 0 | 42,30,000 | 42,30,000 | 42,24,927 | 5,073 |
| ധനകാര്യ കമ്മീഷൻ ഗ്രാൻറ് | | 0 | 1,41,62,703 | 1,41,62,703 | 67,93,615 | 73,69,088 |
| ലോകബാങ്ക് വിഹിതം | | 0 | 45,36,909 | 45,36,909 | 27,14,596 | 18,22,313 |
| സാക്ഷരത | | (-)82,910 | | | 24,200 | (-)1,07,110 |
| ദുരിതാശ്വാസം | | 1,49,334 | 6,796 | 1,56,130 | 0 | 1,56,130 |
| എം.എൻ.ആർ. ജി.എസ് | ലേബർ | | 1,10,25,870 | 1,10,25,870 | 1,10,25,870 | |
| | അഡ്മിനി. | 19,404 | 4,89,847 | 5,09,251 | 5,07,482 | 1,769 |
| കേന്ദ്രാവിഷ്കൃതം | ടി.എസ്.സി | 3,12,950 | 4,90,075 | 8,03,025 | 0 | 8,03,025 |
| | ഐ.സി . ടി.എസ് | 15,02,980 | 17,68,994 | 32,71,974 | 14,54,764 | 1817210 |
| ജോയിൻറ് വെൻചർ | ബ്ളോക്ക് | 70,000 | 42,50,000 | 43,20,000 | 1809500 | 2510500 |
| | ജില്ലാ പഞ്ചായത്ത് | 0 | 15,08,000 | 15,08,000 | 13,97,500 | 1,10,500 |
| ബി ഫണ്ട് | ---- | | 5,46,18,000 | 5,46,18,000 | 5,46,18,000 | |
| ജനറൽ പർപ്പസ് ഫണ്ട് | | 71,97,873 | 1,33,65,000 | 2,05,62,873 | 2,03,89,860 | 1,73,013 |
| തനത് ഫണ്ട് | ബാങ്ക് | 94,86,129 | 1,33,88,427 | 2,28,74,556 | 1,36,57,523 | 92,17,033 |
| | ട്രഷറി | 71,97,873 | 1,33,65,000 | 2,05,62,873 | 2,03,89,860 | 1,73,013 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 165 | 173830923 | 107 | 116324082 | 3 | 55 | 66.91% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 19404 | 489847 | 509251 | 507482 | 1769 |
| ഗുണഭോക്താ ക്കൾക്ക് നേരിട്ട് നൽകുന്നത് | --- | 11025870 | 11025870 | 11025870 | --- |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 153600 | 260 |
| കർഷകതൊഴിലാളി പെൻഷൻ | 2071100 | 168 |
| വിധവാപെൻഷൻ | 19540000 | 1853 |
| വാർദ്ധക്യകാലപെൻഷൻ | 26443100 | 2383 |
| വികലാംഗപെൻഷൻ | 5368300 | 503 |
| 50 വയസ്സ്കഴിഞ്ഞ അവിവിവാഹിതർക്കുള്ള പെൻഷൻ | 531900 | 50 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 510000 | 17 |

## 1-9 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ്

പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23-7-2018 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3582/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

1.ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവ്വചിക്കുകയും രേഖാമൂലം വിഭജിച്ചു നൽകുകയും ചെയ്തിട്ടുണ്ട്.

2.ബജറ്റ് സംവിധാനത്തിലൂടെ വരവു ചെലവുകൾ അവലോകനം ചെയ്തു വരുന്നുണ്ട്.

3.അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എന്ട്രി സമ്പ്രദായത്തിലാണ് വാർഷിക കണക്കുകൾ തയ്യാറാക്കിയിരിക്കുന്നത്.

4.വരവുകൾ യഥാസമയം ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുകളിലേക്ക് ഒടുക്കുവരുത്തുന്നുണ്ട്.

5.സാംഖ്യ സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് വരവുകൾ സ്വീകരിക്കുന്നത്. എന്നാൽ ചില അവസരങ്ങളിൽ കൈകൊണ്ടെഴുതുന്ന രസീതുകളും ഉപയോഗിച്ചുവരുന്നു.

6.സാമ്പത്തിക വർഷാവസാനം ബാങ്ക് നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുത്തുന്നുണ്ടെങ്കിലും എല്ലാ മാസങ്ങളിലും തുടർച്ചയായി ഇതു ചെയ്തു സാക്ഷ്യപ്പെടുത്തൽ നടത്തുന്നില്ല.

7.ഡി.&ഒ.ലൈസൻസ് ഫീസിന്റെ കാര്യത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ല. വസ്തുനികുതിയുടെ ഡി.സി.ബി. പത്രിക തയ്യാറാക്കുന്നതിൽ കൃത്യതയില്ലായ്മ കണ്ടുവരുന്നു. ഡി.സി.ബി. പത്രികയിലെ വിവരങ്ങൾ ബന്ധപ്പെട്ട ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തുന്നതിൽ ശ്രദ്ധിക്കുന്നില്ല.

8.വാർഷിക കണക്കുകളുടെ ഭാഗമായി തയ്യാറാക്കേണ്ട മുൻകൂറുകൾ , കുടിവെള്ള ടാപ്പുകൾ, തെരുവുവിളക്കുകൾ എന്നിവ സംബന്ധിച്ച

രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല.

9.ചെലവുകൾ കണക്കിലുൾപ്പെടുത്തുമ്പോൾ അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മൂലധനച്ചെലവെന്നും റെവന്യൂചെലവെന്നും വേർതിരിക്കുന്നതിൽ അപാകത നിലനിൽക്കുന്നു.

10.സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ സവിശേഷ നമ്പരുകൾ നല്കി ആസ്തിരജിസ്റ്ററിൽ ചേർത്ത് കാലികമാക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.07.2018 | 06/2018 | 19.07.2018 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.04.2018 | 2013/14-2017/18 | 11.07.2018 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെ പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു.

1.റസീപ്റ്റ് & പേയ്മെന്റ് ക്ലോസിംഗ് ബാലൻസ്, ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റുമായി പൊരുത്തപ്പെടുന്നില്ല

2.ബി.9 CGST, SGST തുകകൾ തുല്യമായി ഇരിക്കേണ്ടതാണ്. എന്നാൽ ഇവയിൽ വ്യത്യാസം നിലനിൽക്കുന്നു.

3.ബി-9 ഗവൺമെന്റ് അദർ ഡ്യൂസ് പേയബിൾ സർവ്വീസ് ടാക്സ് 3,78,000/- രൂപ ബാധ്യത രേഖപ്പെടുത്തിയതിന്റെ രേഖകൾ ലഭ്യമല്ലാത്തതിനാൽ കൃത്യത പരിശോധിച്ചിട്ടില്ല.

4.വസ്തു നികുതി ഡി.സി.ബി.യിൽ സാംഖ്യ, സഞ്ചയ തുകകൾ തമ്മിൽ

വ്യത്യാസം നിലനിൽക്കുന്നു.

5.ബി-15 43191001 – സ്റ്റേറ്റ് ഗവൺമെന്റ് സെസ്സ് ആയിട്ട് കണക്കാക്കിയ തുകയിൽ വ്യത്യാസം

6.2016-17 വാർഷിക കണക്കിൽ ബി9 അദർ ലയബിലിറ്റിയിൽ 350410203 മുൻക്കൂർ കളക്ഷൻ മാർക്കറ്റ് റസീപ്റ്റ് 50,000/-രൂപ 2017-18 ഡിമാന്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

7.ബാലൻസ് ഷീറ്റിൽ ബി-7 ഡെപ്പോസിറ്റ് റിസീവ്ഡ് പ്രകാരമുള്ള നീക്കിയിരിപ്പുകൾ, ലഭ്യമാക്കിയ ഡെപ്പോസിറ്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.

8.ഫെസ്റ്റിവൽ അഡ്വാൻസ് രജിസ്റ്റർ പ്രകാരം 31.03.2018-ൽ 9,000/-രൂപ നീക്കിയിരിപ്പുണ്ട്. എന്നാൽ ബി-18-ൽ രേഖപ്പെടുത്തിയിട്ടില്ല.

9.ബി-18-ൽ രേഖപ്പെടുത്തിയിട്ടുള്ള ടെംപററി അഡ്വാൻസ് ഫോർ ഒഫീഷ്യൽ പർപ്പസ് 24,200/-, അഡ്വാൻസ് റ്റു ഇംപ്ലിമെന്റിംഗ് ഓഫീസർ 592080/- (2016-17-ലെ ബാലൻസ് ഷീറ്റിലും നിലനിൽക്കുന്നു.), അഡ്വാൻസ് റ്റു അതേഴ്സ് 4,09,160/-രൂപയുടെയും വിശദാംശങ്ങൾ ലഭിച്ചില്ല.

10.ബാലൻസ് ഷീറ്റിലെ ബി-15 ഷെഡ്യൂളിലെ വസ്തു നികുതി (റസിഡൻഷ്യൽ & നോൺ റസിഡൻഷ്യൽ) സണ്ട്റി ഡെബ്റ്റേഴ്സ് റീസീവബിൾസ് കോഡ് 431100102 & 431100104 അരിയർ തുകകൾ വാർഷിക ധനകാര്യ ഡി.സി.ബിയുമായി പൊരുത്തപ്പെടുന്നില്ല.

11.തൻവർഷത്തെ ഡിപ്രീസിയേഷൻ I-17(a) യിൽ ഉൾപ്പെടുത്തി ബി11 കൃത്യമാക്കിയിട്ടില്ല

12.ബി 11-ൽ രേഖപ്പെടുത്തിയ Other fixed assets depreciation തുകയിലും വ്യത്യാസം നിലനിൽക്കുന്നു.

13.അസറ്റ് രജിസ്റ്റർ, ഡെപ്പോസിറ്റ് വർക്ക് (ബി -18) ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ (2016-17-ൽ ബി 12- ഇൻവെസ്റ്റ്മെന്റ് നിലനിൽക്കുന്നു.) ക്ലോസിംഗ് സ്റ്റോക്ക് (ബി 14), സെയിൽ ഓഫ് ടെൻഡർ ഫോം ആർ.പി.

5 എന്നിവയുടെ വിശദാംശങ്ങൾ പരിശോധിക്കുന്നതിന് ആവശ്യമായി രേഖകൾ ലഭ്യമാക്കിയിട്ടില്ല.

14. ഇ എഫ് എം എസ് തൻവർഷ ചെലവ് 11025870/-രൂപയും അഡ്മിനിസ്ട്രേറ്റീവ് ചെലവ് 507482/-രൂപയുമാണ്. ആകെ 11533352/-രൂപ. എന്നാൽ 1(6)ൽ 11896777/-രൂപ ഉൾപ്പെടുത്തി.
15. എം.എൻ.ആർ.ഇ.ജി.എസ് കണക്കുകൾ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ഗ്രന്ഥശാല പ്രവർത്തനം കാര്യക്ഷമമല്ല

പഞ്ചായത്ത് ഓഫീസിനോട് ചേർന്നുള്ള ഗ്രന്ഥശാലയിൽ വിവിധ മേഖലകളിലെ പുസ്തകങ്ങളുടെ വിപുലമായ ശേഖരവും മേൽനോട്ടത്തിന് ഒരു ലൈബ്രേറിയനും ഉണ്ട്. 27/7/2018, 28/7/2018 തീയതികളിൽ നടത്തിയ സ്ഥലപരിശോധനയിൽ ലൈബ്രറി അടവായി കിടക്കുന്നതായും കണ്ടു. 28/7/2018 തീയതിയിലെ വായനശാലയിലേയ്ക്കുള്ള ഏഴ് ദിനപത്രങ്ങൾ (മലയാള മനോരമ, മാതൃഭൂമി, കേരള കൗമുദി, ജന്മഭൂമി, ജനയുഗം, ദേശാഭിമാനി, മാധ്യമം) പഞ്ചായത്ത് ഓഫീസിൻെറ വരാന്തയിൽ ഉപയോഗിക്കാത്ത നിലയിൽ ഇട്ടിരിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടു. 2016-17ലെ ഓഡിറ്റ് റിപ്പോർട്ടിലും ലൈബ്രറിയുടെ പ്രവർത്തനം കാര്യക്ഷമമല്ല എന്ന് പരാമർശം ഉണ്ടായിരുന്നുവെങ്കിലും യാതൊരു പുരോഗതിയും വന്നിട്ടില്ലായെന്ന് ലൈബ്രറി തുറന്ന് പരിശോധിച്ചതിൽ നിന്ന് വ്യക്തമായി. ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിയുടെ അടിസ്ഥാനത്തിൽ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കുകയും ലൈബ്രറിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് കമ്മിറ്റി തീരുമാനപ്രകാരം പ്രത്യേകം ലൈബ്രറി താഴത്തെ നിലയിൽ സജീകരിച്ചിട്ടുണ്ട് എന്ന മറുപടി ലഭിച്ചു.

എന്നാൽ ഇടുങ്ങിയതും , വേണ്ടത്ര വായു സഞ്ചാരമില്ലാത്തതുമായ മുറിയാണ് റീഡിംഗ് റൂമിനായി മാറ്റി വച്ചിരിക്കുന്നത്. ഇതിൽ പൊതു ജനങ്ങൾക്ക് സൗകര്യപ്രദമായി പുസ്തകങ്ങൾ വായിക്കുന്നതിനുള്ള

സ്ഥലസൗകര്യമോ ഇരിപ്പിടങ്ങളോ ഉള്ളതായി കണ്ടില്ല. പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ പൊതുഭരണം ധനകാര്യ വർക്കിംഗ് ഗ്രൂപ്പിൻെറ 25/2/2017 ലെ യോഗത്തിൽ ലൈബ്രറിയുടെ നവീകരണം സംബന്ധിച്ച് നിർദ്ദേശം ഉയർന്നുവന്നുവെങ്കിലും തുടർന്നുവന്ന ധനകാര്യസ്റ്റാൻറിംഗ് കമ്മിറ്റിയുടെ യോഗങ്ങളിൽ ചർച്ച ചെയ്യുകയോ തീരുമാനമെടുക്കുകയോ ചെയ്തിട്ടില്ല. തുടർനടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 14/28.7.18

## 2-2 വാടകക്കുടിശ്ശിക നിലനിൽക്കുന്നു

പഞ്ചായത്തിന്റെ ഷോപ്പിംഗ് കോംപ്ലക്സ് വാടക രജിസ്റ്ററും അനുബന്ധരേഖകളും പരിശോധിച്ചതിൽ കടമുറികളിൽ നിന്ന് വാടക ഈടാക്കാത്തതിന്റെ ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| റൂം നമ്പർ | വാടകക്കാരന്റെ പേര് | മാസ വാടക | വാടക കുടിശ്ശിക |
|---|---|---|---|
| A1 | രാധാകൃഷ്ണപിള്ള , കല്ലുംപുറത്ത് വീട് , ആലുംമൂട് | 402(4/17 മുതൽ 3/18 വരെ) | 4824/- |
| A7 | ബാബുജി , പനയിൽ വീട് , നടുവിക്കര | 383 (11/17 മുതൽ 3/18 വരെ) | 1915/- |
| P1 | മനോജ് | 648(4/17മുതൽ11 /17വരെ), 680(12/17 മുതൽ 3/18 വരെ) | 7904/- |
| P2 | ശശിധരൻ, | 617( 4/17 മുതൽ 11/17വരെ), 648(12/17 മുതൽ 3/18 വരെ) | 7528/- |
| P3 | ശശിധരൻ, | 695( 4/17 മുതൽ 12/17വരെ), 730(1/18 മുതൽ 3/18 വരെ) | 8480/- |

| | | | |
|---|---|---|---|
| P4 | റിഷാദ്, ചരുവിള വീട്.കുണ്ടറ | 827( 4/17 മുതൽ 12/17വരെ), 868(1 /18 മുതൽ 3/18 വരെ) | 10047/- |
| P5 | മനോജ്, ചരുവിള താഴതിൽ, കാഞ്ഞിരക്കോട് | 563(4/17 മുതൽ 3/18 വരെ) | 6756/- |
| P6 | ശശിധരൻ,ചാലുവിള കിഴക്കതിൽ | 629(4/17 മുതൽ 3/18 വരെ) | 7548/- |
| P7 | റിഷാദ് | 811 ( 4/17 മുതൽ 12/17വരെ), 852 (1/18 മുതൽ 3/18 വരെ) | 9855/- |
| P8 | ശശിധരൻ | 811 ( 4/17 മുതൽ 8/17വരെ), 852 (9/17 മുതൽ 3/18 വരെ) | 10019/- |
| ബസ് സ്റ്റാൻറ് -1 | പ്രസിഡൻറ് ഇ.എഫ്.എ. | 309 (4/17 മുതൽ 3/18 വരെ) | 3708/- |
| ബസ് സ്റ്റാൻറ് -2 | ഇക്ബാൽ | 2822(4/17മുതൽ7 /17വരെ), 2963 (8/17 മുതൽ 3/18 വരെ) | 34992/- |

മേൽ സൂചിപ്പിച്ച എല്ലാ കടമുറികളുടെയും 2017-18 സാമ്പത്തിക വർഷത്തേയ്ക്ക് കരാർ പുതുക്കിയതിൻെറയും, ഡെപ്പോസിറ്റ് സ്വീകരിച്ചതിൻെറ (രസീത് നം.,തീയതിയടക്കം) വിവരങ്ങളും വാടക ഒടുക്കാതെ കടമുറി ഉപയോഗിക്കുന്നവരെ ഒഴിപ്പിക്കാൻ സ്വീകരിച്ച നടപടികളും വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് കടമുറികളുടെ വാടകയിനത്തിൽ കുടിശ്ശിക വരുത്തിയവരിൽ നിന്നും പലിശ സഹിതം തുക ഈടാക്കി വിവരം അറിയിക്കുന്നതാണ് എന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. ആവശ്യപ്പെട്ട വിവരങ്ങൾ സഹിതം വിശദമായ മറുപടി ലഭ്യമാക്കുകയും

കുടിശ്ശിക എത്രയും വേഗം ഈടാക്കി തനതു ഫണ്ടിൽ മുതൽക്കൂട്ടേണ്ടതുമാണ്.

എൻക്വയറി നമ്പർ – 5/24.7.18

## 2-3 ഡി ആന്റ് ഒ ലൈസൻസ്

1. 19/8/17 ൽ കൂടിയ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി യോഗത്തിൽ അപൂർണ്ണമായ ട്രേഡേഴ്സ് ലിസ്റ്റ് പൂർത്തീകരിക്കുന്നതിനുള്ള തീരുമാനം കൈക്കൊള്ളുകയും , 7/12/17 ലെ യോഗത്തിൽ 2017-18 വർഷത്തെ പൂർത്തീകരിച്ച ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെയും കടകളുടെയും കൃത്യമായ കണക്ക് എടുത്ത് ലൈസൻസ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനുള്ള തീരുമാനവും എടുക്കുകയുണ്ടായി. എന്നാൽ പഞ്ചായത്തിൽ നിന്നും ലഭ്യമായ ട്രേഡേഴ്സ് ലിസ്റ്റും ഡി ആന്റ് ഒ ലൈസൻസ് രജിസ്റ്ററും പരിശോധിച്ചതിൻെറയും, സ്ഥല പരിശോധനയുടെയും അടിസ്ഥാനത്തിൽ ഒട്ടനവധി സ്ഥാപനങ്ങൾ ഡി ആന്റ് ഒ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു എന്നു വ്യക്തമായി .

ഉദാ. തേജസ്സ് ന്യൂട്രീമിക്സ് യൂണിറ്റ്,വാർഡ് -21

ഒരുമ ന്യൂട്രീമിക്സ് യൂണിറ്റ്,വാർഡ് -21

സമർപ്പിച്ച രേഖകളിൽ നിന്നും ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | സ്ഥാപനങ്ങളുടെ എണ്ണം |
|---|---|
| ട്രേഡേഴ്സ് ലിസ്റ്റ് | 445 |
| ഡി ആന്റ് ഒ ലൈസൻസ് രജിസ്റ്റർ | 567 |

ധനകാര്യസ്റ്റാൻറിംഗ് കമ്മിറ്റിയുടെ യോഗങ്ങളിൽ തുടർച്ചയായി ചർച്ച ചെയ്യുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്തിട്ടുണ്ടെങ്കിലും ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമല്ല എന്ന വസ്തുതയാണ് മനസ്സിലാക്കാൻ കഴിയുന്നത്. ട്രേഡേഴ്സ് ലിസ്റ്റ് അപൂർണ്ണമാണെന്നും അനധികൃതമായ കെട്ടിടങ്ങളിൽ പ്രവർത്തിച്ചു വരുന്ന എല്ലാ സ്ഥാപനങ്ങളുടെയും വിവരങ്ങൾ ശേഖരിച്ച് ആയതിൻമേൽ തുടർനടപടി സ്വീകരിക്കണമെന്നും 10/1/18 ലെ ധനകാര്യ

സ്റ്റാൻഡിംഗ് കമ്മിറ്റി യോഗത്തിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി എല്ലാ സ്ഥാപനങ്ങളെയും ലൈസൻസ് പരിധിയ്ക്കുള്ളിൽ ഉൾപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ആയത് പരിശോധിക്കേണ്ടതുമാണ്.

2.ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ 7/11/2017 ലെ ii ാം നം.അജണ്ട പ്രകാരം പഞ്ചായത്തിൻെറ അനുമതി കൂടാതെ പ്രവർത്തിച്ച് വരുന്നതായിട്ടുള്ള എല്ലാ സ്ഥാപനങ്ങളുടെയും വിവരങ്ങൾ ശേഖരിച്ച് ലൈസൻസ് എടുക്കുന്നതിനും അല്ലാത്തപക്ഷം കൃത്യമായ തുടർനടപടികൾ സ്വീകരിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇതേ അജണ്ട പ്രകാരം പഞ്ചായത്തിൻെറ അനുമതി കൂടാതെ അനധികൃത കെട്ടിടങ്ങളിൽ ധാരാളം സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നതായി സൂചിപ്പിക്കുന്നു. ഇവയുടെ എണ്ണം, വിശദവിവരം, അനധികൃത കെട്ടിടങ്ങൾക്ക് സ്വീകരിച്ച നടപടികൾ എന്നിവ ലഭ്യമാക്കേണ്ടതാണ് എന്ന് ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല.

എൻക്വയറി നം – 4/24/7/17

## 2-4 ലേലം

1. ഗേറ്റ് ഫീസ് ഇനത്തിൽ 90,000/- രൂപ ഈടാക്കാൻ അവശേഷിക്കുന്നു.

പള്ളിമുക്ക് പബ്ലിക് മാർക്കറ്റിലെ ഗേറ്റ് ഫീ പിരിക്കുന്നതിനുള്ള അവകാശം 7/4/2017 ൽ നടന്ന ലേലത്തിൽ ശ്രീ.കുഞ്ഞുമോൻ, പെരിഞ്ഞലി ജയന്തി കോളനി, റേഡിയോമുക്ക് എന്ന വ്യക്തിക്ക് 24/4/2017 ലെ v(1) ാം നം.തീരുമാനത്തിൻെറ അടിസ്ഥാനത്തിൽ 3,50,000/- രൂപയ്ക്ക് ലേലം അംഗീകരിച്ചു നൽകിയിട്ടുണ്ട്. ലേല നോട്ടീസ് നം.B 4 -258/17, 3/3/2017 ലെ ലേല നിബന്ധന 4 പ്രകാരം ലേലം വിളികേട്ടയാൾ ലേലം താത്ക്കാലികമായി അംഗീകരിച്ചാൽ ഉടൻ ലേലത്തുക ഒടുക്കാതിരിന്നാൽ കെട്ടിവച്ച നിരതദ്രവ്യം നഷ്ടപ്പെടുത്തുന്നതും രണ്ടാം സ്ഥാനക്കാരന് ലേലാവകാശം നൽകുന്നതിനോ പുനർ ലേലം തടത്തുന്നതിനോ സെക്രട്ടറിക്ക് അധികാരമുള്ളതാകുന്നു. എന്നാൽ

കരാറുകാരൻ 2,60,000/-(രസീത് നം.11702010061/16.5.17, രസീത് നം.117020105901/ 22.1.18)രൂപയാണ് നാളിത് വരെ ഒടുക്ക് വരുത്തിയിട്ടുള്ളത്. ബാക്കി തുകയായ 90,000/- രൂപ കക്ഷിയിൽ നിന്നും ഈടാക്കാൻ അവശേഷിക്കുന്നു. ഇങ്ങനെ ലേലത്തുക ഒടുക്കാനുണ്ടായ സാഹചര്യവും,പഞ്ചായത്ത് കമ്മിറ്റി തീരുമാനവും ഉണ്ടെങ്കിൽ ആയത് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ടി വ്യക്തിക്ക് നോട്ടീസ് അയച്ചിട്ടുണ്ടെന്നും ആർ.ആർ. നടപടികൾ സ്വീകരിച്ച് തുക ഈടാക്കി വിവരം അറിയിക്കുന്നതാണ് എന്ന് മറുപടി ലഭിച്ചിട്ടുണ്ട്.

നിശ്ചിത തുകയ്ക്കുള്ള മുദ്രപ്പത്രത്തിൽ കരാർ വയ്ക്കാതെ ലേലാവകാശം അനുവദിച്ചതിനും, നിർദ്ദേശിച്ചിരുന്ന കാലയളവിനുള്ളിൽ ലേലത്തുക പൂർണ്ണമായി ഒടുക്കാതിരുന്ന കരാറുകാരനെതിരെ യഥാസമയം നടപടി സ്വീകരിക്കാതിരുന്നതും പഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്ന് ഉണ്ടായ ഗുരുതരമായ വീഴ്ചയാണ്. ലേല നിബന്ധനകൾ കൃത്യമായി പാലിക്കേണ്ടതും ലേല ത്തുക ഈടാക്കുന്ന തീയതി വരെയുള്ള പലിശ സഹിതം ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

എൻക്വയറി -നം.9/26/7/18

2.പള്ളിമുക്ക് പബ്ലിക്ക് മാർക്കറ്റ് ഗേറ്റ് ഫീസ് ഇനത്തിൽ ലേലം നടന്നിട്ടില്ല

2018-19 കാലയളവിലേക്കുള്ള പള്ളിമുക്ക് പബ്ലിക്ക് മാർക്കറ്റ് ഗേറ്റ് ഫീസ് ഇനത്തിൽ ലേലം നടന്നിട്ടില്ല. ആയതിൻെറ കാരണവും പഞ്ചായത്ത് കമ്മിറ്റി തീരുമാനവും ഹാജരാക്കേണ്ടതാണ്. ഇതിൻമേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ടി ഇനത്തിൽ ലേലം നടന്നിട്ടില്ല, പകരം ഇറച്ചി വ്യാപാരത്തിനാണ് ലേലം നടത്തിയിട്ടുള്ളത്. ആയതിന്റെ കമ്മിറ്റി തീരുമാനം ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ട് എന്ന് മറുപടി ലഭിച്ചു.ലേലം നടക്കാത്തതിൻെറ കാരണവും പഞ്ചായത്ത് കമ്മിറ്റി തീരുമാനവും ഹാജരാക്കേണ്ടതാണ്.

എൻക്വയറി -നം.9/26/7/18

3.ലേല നിബന്ധന പാലിക്കുന്നില്ല

2018-19 കാലയളവിലേക്കുള്ള ലേല നോട്ടീസ് നം.B 4 – 258/18, 8/3/2018 ലെ ക്രമനം.9ൽ ഉൾപ്പെടുത്തിയ ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് മാട്ടിറച്ചി വ്യാപാരം നടത്തുന്നതിനുള്ള അവകാശം എന്ന ഇനത്തിൻെറ നിരതദ്രവ്യമായി 5,00,000/- രൂപയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ലേല നിബന്ധന 1 ൽ നിശ്ചിത നിരതദ്രവ്യം കെട്ടിവയ്ക്കാത്തവരും പഞ്ചായത്തിൽ കുടിശ്ശിക ഉള്ളവരെയും ലേലത്തിൽ പങ്കെടുക്കുവാൻ അനുവദിക്കുന്നതല്ല എന്ന് വ്യക്തമാക്കുന്നു. ടി ലേലത്തിൽ പങ്കെടുത്ത രണ്ട് വ്യക്തികളും നിരതദ്രവ്യം ഒടുക്കിയതിൻെറ രേഖകൾ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് ലേലതുക പൂർണ്ണമായും ഒടുക്കിയിട്ടുള്ളതിനാൽ നിരതദ്രവ്യം വാങ്ങിയിട്ടില്ല എന്ന് മറുപടി ലഭിച്ചു.നിശ്ചിത നിരതദ്രവ്യം കെട്ടിവയ്ക്കാത്തവരെ ലേലത്തിൽ പങ്കെടുക്കുവാൻ അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

എൻക്വയറി -നം.9/26/7/18

## 2-5 തൊഴിൽ നികുതി

ഗ്രാമപഞ്ചായത്തിലെ തൊഴിൽനികുതി ഡിമാന്റ് രജിസ്റ്ററും റിട്ടേണുകളും പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.തൊഴിൽനികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് രജിസ്റ്റർ കൃത്യമായി പരിപാലിക്കുകയോ , തൊഴിൽ നികുതി ഒടുക്കിയ രസീതുകൾ ശരിയായി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല.

2.പഞ്ചായത്തിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ലാത്തതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ജീവനക്കാരൻ /തസ്തിക | അർദ്ധവർഷം |
|---|---|---|
| 1 | രാജി എസ്, കിയോസ്ക് എക്സിക്യൂട്ടീവ് കം ഡേറ്റാ എൻട്രി ഓപ്പറേറ്റർ | I & II |
| 2 | കുഞ്ഞുമോൻ,വാച്ചർ , | I & II |

| | | |
|---|---|---|
| | കമ്മ്യൂണിറ്റി ഹാൾ | |
| 3 | ജയൻ,ഡ്രൈവർ | I & II |
| 4 | അരുൺ മുരളീധരൻ,<br>ടെക്നിക്കൽ അസിസ്റ്റൻറ് | I |

3.പഞ്ചായത്തിലെ ജീവനക്കാരുടെ ഒന്നാം അർദ്ധവർഷം തൊഴിൽ നികുതി നിർണ്ണയസ്റ്റേറ്റ്മെൻറ് ലഭ്യമാക്കിയിട്ടില്ല.

4.ഇതരസ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയ രേഖകളില്ല. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | ബ്ലോക്ക് പഞ്ചായത്ത്,<br>മുഖത്തല | II |
| 2 | പി.എച്ച്.സി,<br>കൊറ്റങ്കര | II |
| 3 | സ്റ്റാർ ഹെൽത്ത് അലൈഡ് ഇൻഷുറൻസ്,<br>കുണ്ടറ | II |
| 4 | സുപ്രീം കാഷ്യു ഇൻഡസ്ട്രീസ് | II |
| 3 | മംഗലത്ത് കാഷ്യു ഫാക്ടറി ,<br>പെരുമ്പുഴ | II |
| 4 | ഇൻഡസ് ഇൻഡ് ബാങ്ക് പ്രൈവറ്റ് ലിമിറ്റഡ് | II |
| 5 | മുത്തൂറ്റ് മൈക്രോ ഫിൻ ലിമിറ്റഡ് | II |
| 6 | നോബിൾ പബ്ളിക്ക് സ്കൂൾ , പെരുമ്പുഴ | II |
| 7 | മാവേലി സ്റ്റോർ ,<br>പെരുമ്പുഴ | II |
| 8 | പെനിയേൽ സ്കൂൾ ,<br>കേരളപുരം | I & II |
| 9 | എസ്സ്.ബി.റ്റി,<br>കുണ്ടറ | I & II |
| 10 | ഹരിശ്രീ റസിഡൻസി | II |
| 11 | മുരുക്കുംവീട്ടിൽ സ്കാൻസ്, | I & II |

| | | |
|---|---|---|
| | കുണ്ടറ | |
| 12 | തമ്പുരാൻ ഫൈനാൻസ്,<br>പെരുമ്പുഴ | I & II |
| 13 | ക്യാപെക്സ് ഫാക്ടറി,പെരുമ്പുഴ | I & II |
| 14 | തത്ത്വമസി ചിറ്റ്സ് പ്രൈവറ്റ് ലിമിററഡ് | I & II |

5. സ്ഥാപന തൊഴിൽ നികുതി രണ്ട് അർദ്ധവർഷങ്ങളിലും അടവാക്കിയതായി രേഖകളില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | അസ്സീസ്സി അറ്റോൺമെൻറ് ഹോസ്പിറ്റൽ,പെരുമ്പുഴ |
| 2 | കെ.എസ.ഇ.ബി, കുണ്ടറ |
| 3 | പെരുമ്പുഴ കാഷ്യു വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് |
| 4 | മംഗലത്ത് കാഷ്യു ഫാക്ടറി,പെരുമ്പുഴ |
| 5 | ഇൻഡസ് ഇൻഡ് ബാങ്ക് പ്രൈവറ്റ് ലിമിററഡ് |
| 6 | പുനക്കന്നൂർ സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് |
| 7 | മുത്തൂറ്റ് മൈക്രോ ഫിൻ,കുണ്ടറ |
| 8 | സിൻഡിക്കേറ്റ് ബാങ്ക് ,കുണ്ടറ |
| 9 | മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റ്ഡ്,പെരുമ്പുഴ |
| 10 | പോപ്പുലർ ഫിനാൻസ്,കുണ്ടറ |
| 11 | സെൻറ് വിൻസെൻറ് കോൺവെൻറ് സ്കൂൾ, കേരളപുരം |
| 12 | സെൻറ് ആൻഡ്രൂസ് ഇംഗ്ളീഷ് മീഡിയം യു.പി. സ്കൂൾ |
| 13 | നോബിൾ പബ്ളിക്ക് സ്കൂൾ , പെരുമ്പുഴ |
| 14 | പെരുമ്പുഴ ഗ്രാമോദ്ധാരണ സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് |
| 15 | സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് ലിമിറ്റഡ്,നം.2722 |
| 16 | പെനിയേൽ സ്കൂൾ ,കേരളപുരം |
| 17 | കെ.എസ്.എഫ്.ഇ,കുണ്ടറ |
| 18 | കെ.എസ്.എഫ്.ഇ,പെരുമ്പുഴ |

6. സ്ഥാപന തൊഴിൽ നികുതി

സ്ഥാപന തൊഴിൽ നികുതി രണ്ട് അർദ്ധവർഷങ്ങളിലും അടവാക്കിയതായി രേഖപ്പെടുത്തി സമർപ്പിച്ച രജിസ്റ്റർ അപൂർണ്ണമാണ്. ടി

രജിസ്റ്ററിൽ രേഖപ്പെടുത്തിയ പ്രകാരമുള്ള തുകകളുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല. സ്ഥാപന തൊഴിൽ നികുതി രജിസ്റ്റർ തയ്യാറാക്കി സമർപ്പിക്കേണ്ടതാണ്.

ടിയിനങ്ങളിലെ വരവ് നഷ്ടം പരിഹരിക്കാൻ സെക്രട്ടറിയോ ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റിയോ യാതൊരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല. മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ എൻക്വയറിയ്ക്ക് തൊഴിൽനികുതി ഈടാക്കി അറിയിക്കുന്നതാണെന്ന് പഞ്ചായത്ത് മറുപടി നൽകിയിട്ടുണ്ട്. മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരിൽ നിന്നും തൊഴിൽനികുതി ഈടാക്കി വിശദാംശങ്ങൾ ആദ്യമറുപടിയിൽ തന്നെ അറിയിക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം. 11/28.7.2018.

## 2-6 സബ്ട്രഷറിയിൽ നിന്നും കെട്ടിട വാടക ഈടാക്കുന്നില്ല.

പഞ്ചായത്തിൻെറ കെട്ടിടത്തിൽ (കെട്ടിടനം.3/607) പഞ്ചായത്ത് ഓഫീസിനോട് ചേർന്ന് വർഷങ്ങളായി കുണ്ടറ, സബ്ട്രഷറി പ്രവർത്തിക്കുന്നു. എന്നാൽ ടി സ്ഥാപനത്തിൽ നിന്നും വാടക ഈടാക്കുന്നില്ല.

സബ്ട്രഷറി പ്രവർത്തിക്കുന്ന കെട്ടിടത്തിൻെറ വാടക , കറന്റ് ചാർജ്ജ്, വാട്ടർ ചാർജ്ജ് എന്നിവ ഒടുക്കുന്നത് സംബന്ധിച്ചുള്ള വിവരം , കെട്ടിടം ട്രഷറിയ്ക്ക് നൽകിയതുമായി ബന്ധപ്പെട്ട കരാർ, ട്രഷറിയുടെ പ്രവർത്തനം സ്വന്തം കെട്ടിടത്തിലേക്ക് മാറ്റി പ്രവർത്തിപ്പിക്കുന്നതിന് നോട്ടീസ് നൽകിയിട്ടുണ്ടെങ്കിൽ ആയതിൻെറ വിവരം , കെട്ടിടം ഒഴിപ്പിച്ച് ലഭ്യമാകുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്തിട്ടുണ്ടെങ്കിൽ ആയതിൻെറ വിവരം എന്നിവ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയ്ക്കുള്ള മറുപടിയിൽ കെട്ടിടം ട്രഷറിക്ക് നൽകിയത് ഇളമ്പള്ളൂർ പഞ്ചായത്ത് രൂപീകരിക്കുന്നതിന് (2000 ത്തിന്) മുൻപാണെന്നും, രേഖകൾ ലഭ്യമല്ല എന്നും കറൻറ് ചാർജ്ജ്, വാട്ടർ ചാർജ്ജ് എന്നിവ ട്രഷറി ഓഫീസിൽ നിന്നുമാണ് ഒടുക്ക് വരുത്തുന്നതെന്നും കെട്ടിടം ഒഴിപ്പിച്ച് ലഭ്യമാകുന്നതിന് പഞ്ചായത്ത് കമ്മിറ്റിയിൽ തീരുമാനം എടുത്തിട്ടില്ലായെന്നും മറുപടി

ലഭിച്ചു. ഇളമ്പള്ളൂർ പഞ്ചായത്ത് രൂപീകരിക്കുന്നതിന് മുമ്പ് കൊറ്റങ്കര പഞ്ചായത്തിന്റെ ഭാഗമായിരുന്നതിനാൽ ഇതുമായി ബന്ധപ്പെട്ട രേഖകൾ ടി പഞ്ചായത്തിൽ നിന്ന് ലഭ്യമാക്കി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

എൻക്വയറി നം -10/28/7/2018

## 2-7 കമ്മ്യൂണിറ്റി ഹാൾ വാടക - കൃത്യമായ രേഖ സൂക്ഷിച്ചിട്ടില്ല

പഞ്ചായത്തിൻെറ പ്രധാന വരുമാന ശ്രോതസ്സിൽ ഒന്നാണ് പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ വാടക. വിവാഹം, നിശ്ചയം, സമ്മേളനങ്ങൾ എന്നിവ സംഘടിപ്പിക്കുന്നതിന് പ്രതിദിനം വാടക, ആഡംബര നികുതി, ക്ലീനിംഗ് ചാർജ്ജ് എന്നിവ ഈടാക്കുന്നതുമായി ബന്ധപ്പെട്ട് കമ്മ്യൂണിറ്റി ഹാൾ രജിസ്റ്റർ, വൗച്ചർ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1.വിവാഹ തീയതി ബുക്ക് ചെയ്യുന്ന ക്രമം അനുസരിച്ചുള്ള രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല.

2.ഡെപ്പോസിറ്റ് റീഫണ്ട് വൗച്ചർ അനുസരിച്ചുള്ള ചെലവുകൾ ബോധ്യപ്പെടാൻ സാധിച്ചെങ്കിലും കമ്മ്യൂണിറ്റി ഹാളിൻെറ വാടക, ആഡംബര നികുതി, ക്ലീനിംഗ് ചാർജ്ജ് ഇനത്തിലുള്ള വരവുകൾ ലഭ്യമാകുന്നതിനനുസരിച്ചുള്ള കൃത്യമായ രേഖകൾ പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല.

*ഡെപ്പോസിറ്റ് റീഫണ്ട് വൗച്ചറും , ക്ലീനിംഗ് ചാർജ്ജ് ഇനത്തിലുള്ള വൗച്ചറും പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന തീയതികളിൽ കമ്മ്യൂണിറ്റി ഹാളിൽ നടന്ന ചടങ്ങുകളുടെ വരവ് കമ്മ്യൂണിറ്റി ഹാൾ രജിസ്റ്ററിൽ വന്നിട്ടില്ല.*

| ക്രമ നം. | വിവാഹം നടന്ന തീയതി | അപേക്ഷകൻ | തിരികെ നൽകിയ വിവരം വൗച്ചർ നം., തീയതി | ഡെപ്പോസിറ്റ് തുക, രസീത് നം., തീയതി | ക്ലീനിംഗ് ചാർജ്ജ് |
|---|---|---|---|---|---|
| 1 | 16/4/17 | ഷാഹുദ്ദീൻ | 21700031, 7/4/17 | 5000, നം.11602106617, 27/2/17 | - |

| | | | | | |
|---|---|---|---|---|---|
| 2 | 24/4/17 | അരുൺചന്ദ്രൻ | 2170092, 29/4/17 | 5000, നം.117020100025, 5/4/17 | - |
| 3 | 13/9/17 | ഷിജിൻ പുത്തൻവീട് | 21700604, 20/9/17 | 5000, നം.117020100988, 2/61/7 | - |
| 4 | 15/2/18 | ഷിബു | 21701187, 23/2/18 | - | 2500 |
| 5 | 11/2/18 | അശോകൻപിള്ള | 21701192, 23/2/18 | 5000, നം.117020102728, 5000 | - |
| 6 | 16/1/18 | ചന്ദ്രസേനൻ | 21701191, 23/2/18 | 5000, നം.117020105724, 16/1/18 | - |
| 7 | 5/2/18 | പശുപാലൻ | 21701190, 23/2/18 | 5000, നം.11702104672, 5/12/17 | - |
| 8 | 11/2/18 | ശ്രീകുമാരി | 21701192, 23/2/18 | 5000, നം.117020102728, 7/9/17 | - |
| 9 | 9/3/18 | വിജിലാൽ | 21701496, 9/3/18 | 5000, നം.117020106975, 5/3/18 | - |
| 10 | 18/3/18 | ഗിരീഷ് | 21701529, 17/3/18 | 5000, നം.117020104608, 4/12/17 | - |
| 11 | 25/3/18 | ലഭ്യമല്ല | 21701532,26/3/18 | - | 6000 |

2017-18 ൽ വാടക വർദ്ധിപ്പിച്ചതായി രജിസ്റ്ററിൽ നിന്നും മനസ്സിലാക്കാൻ കഴിഞ്ഞു. ഇത് സംബന്ധിച്ച പഞ്ചായത്ത് കമ്മിറ്റി തീരുമാനവും ഫയലും നിരന്തരം ആവശ്യപ്പെട്ടിട്ടും ഹാജരാക്കിയില്ല. പുതുക്കിയ വാടക നിലവിൽ വന്നത് ഏത് തീയതി മുതലാണെന്ന് ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടില്ല. അപേക്ഷകൻ ടി പഞ്ചായത്ത് പ്രദേശത്തെ താമസക്കാരനാണെങ്കിൽ ഹാൾ വാടകയ്ക്ക് നൽകുമ്പോൾ 1,000/-രൂപ

വാടകയിൽ കിഴിവ് നൽകുന്നുണ്ട്. ഇത് സംബന്ധിച്ച യാതൊരു തെളിവുകളും പഞ്ചായത്തിൽ സൂക്ഷിക്കുന്നില്ല. അപേക്ഷകരുടെ മേൽവിലാസത്തിൽ നിന്നും ടി പഞ്ചായത്തിൽ ഉൾപ്പെട്ട ആളാണെന്ന് ഓഡിറ്റിന് ബോധ്യപ്പെടാൻ സാധിച്ചിട്ടില്ല.

മേൽ സൂചിപ്പിച്ച അപാകതകൾ സംബന്ധിച്ച് മതിയായ രേഖകൾ സഹിതം ഓഡിറ്റിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 2-8 കെട്ടിടനികുതി ഈടാക്കിയതിൽ കുറവ്

1)ബെൻ ക്രിസ്റ്റഫർ ആന്റണി

നമ്പർ - 18-662, 18-663, 18-664, 18-665, 18-666 എന്നീ

കെട്ടിടങ്ങൾ എല്ലാം തന്നെ പെരുമ്പുഴ കേരളപുരം റോഡിന്റെ വശത്താണ്. എന്നാൽ ടി കെട്ടിടങ്ങൾക്ക് നികുതി അസ്സസ് ചെയ്തപ്പോൾ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ് വരുത്തിയിട്ടില്ല. ആയത് സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് മറുപടിയായി ടി കെട്ടിടങ്ങൾ റീ അസ്സസ്സ് ചെയ്ത് ടാക്സ് ഈടാക്കി വിവരമറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നമ്പർ | തറ വിസ്തീർണ്ണം | ഈടാക്കിയ അടിസ്ഥാന വസ്തു നികുതി | വർദ്ധനവ് 20% | ഈടാക്കേണ്ടിയിരുന്ന നികുതി | കുറവു വന്ന തുക |
|---|---|---|---|---|---|
| 18/662 | 17.82 | 891 | 178.2 | 1070 | 179 |
| 18/663 | 17.45 | 873 | 175 | 1048 | 175 |
| 18/664 | 8.74 | 437 | 88 | 525 | 88 |
| 18/665 | 26.28 | 1314 | 265 | 1577 | 263 |
| 18/666 | 18.86 | 943 | 189 | 1132 | 189 |

റീ അസ്സസ്സ് ചെയ്ത് നഷ്ടം വന്ന തുകയും ആയതിന് ആനുപാതികമായുള്ള ഗ്രന്ഥശാലാ വരിയും ഉൾപ്പെടെയുള്ള തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

2)IVാം വാർഡിലെ 980, 981, 982 എന്നീ കെട്ടിടങ്ങൾ ഡോ.മനോജ് വർഗ്ഗീസിന്റെ ഉടമസ്ഥതയിലുള്ളതാണ്. കൊട്ടിയം കുണ്ടറ റോഡിലുള്ള ടി കെട്ടിടം പ്രഥമിക മേഖലയിൽ ഉൾപ്പെടുന്നുവെങ്കിലും ദ്വീതീയ മേഖല എന്ന് രേഖപ്പെടുത്തി 10%ഇളവ് നൽകിയിരിക്കുന്നു. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി പ്രസതുത കെട്ടിടം പ്രാഥമിക മേഖലയിൽ ഉൾപ്പെടുത്തി റീ അസസ്സ് ചെയ്തിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്. ആയതിനാൽ നിലവിൽ അടിസ്ഥാന വസ്തു നികുതി 3,348/- ആയി ഉയർന്നിട്ടുണ്ട്. ആനിരക്കിൽ നികുതിയും ആനുപാതികമായുള്ള ഗ്രന്ഥശാലാ വരിയും ഉൾപ്പെടെയുള്ള തുക കുടിശ്ശിക സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

3) IVാംവാർഡിലെ 998, 999, 1000, 1001 എന്നീ നമ്പറിലുള്ള കെട്ടിടങ്ങൾ ശ്രീ.തോമസ് പണിക്കർ, സാറാമ്മാതോമസ് പണിക്കർ എന്ന വ്യക്തിയുടെതാണ്. പ്രസ്തുത കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം കംപ്ലീഷൻ പ്ലാൻ പ്രകാരം 552.22 $m^2$ആണ്. എന്നാൽ 22.5 $m^2$കുറച്ചാണ് നികുതി ഈടാക്കിയിരിക്കുന്നത്. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി 1000, 1001 എന്നീ നമ്പറുകളിലെ കെട്ടിടം റീഅസ്സസ്സ്ചെയ്ത് അടിസ്ഥാനവസ്തു നികുതി യഥാക്രമം 917, 966 എന്നിങ്ങനെ മാറ്റം വരുത്തി അറിയിച്ചിട്ടുണ്ട്. ആ നിരക്കിൽ നികുതിയും ആനുപാതികമായുള്ള ഗ്രന്ഥശാലാ വരിയും ഉൾപ്പെടെയുള്ള തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

4) ഒന്നാം വാർഡിലെ 188, 216 എന്നീ കെട്ടിടങ്ങൾ ശ്രീ.അശോക് കുമാർ, അജിതാ കുമാരി, അജിതാലയം എന്ന വ്യക്തികളുടെപേരിൽ ആണ്. ടി കെട്ടിടം ഇടിച്ചുകളഞ്ഞ് അനധികൃതമായി ടി സ്ഥലത്ത് പുതിയ കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുള്ളതായി ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ആയത് ക്രമവൽക്കരിക്കണമെന്നാവശ്യപ്പെട്ടു നൽകിയ 31-8-2017 തീയതിയിലെ ബി1-6067/2017 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചപ്പോൾ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു. ടി കെട്ടിടത്തിന്റെ കെട്ടിടനികുതി നിർണ്ണയിക്കുന്നതിനു വേണ്ടി നടത്തിയ അന്വേഷണ റിപ്പോർട്ടിൽ

തറവിസ്തീർണ്ണം യഥാക്രമം 833.84 $m^2$, 404.92$m^2$എന്നിങ്ങനെയാണ്.

I )188

തറ വിസ്തീർണ്ണം-----------833.84 $m^2$

ബാധകമായനിരക്ക്

(100 $m^2$ മുകളിലുള്ള ഗോഡൗൺ)------60/-

ഈടാക്കിയ നിരക്ക് ---------50/-

അടിസ്ഥാന വസ്തു നികുതി ----50030.4

ഇളവുകൾ

മേഖല---10%

മേൽക്കൂര—10%

ആകെ 20%-----10006

വർദ്ധനവ്---ഇല്ല

അടിസ്ഥാനവാർഷിക വസ്തു നികുതി 40,025/-

ഈടാക്കിയത്--11,600/-

നഷ്ടം--28,425/-

II)---216

വിസ്തീർണ്ണം---404.92$M^2$

ബാധകമായ നിരക്ക്

(100 $m^2$ മുകളിലുള്ള ഗോഡൗൺ)------60/-

ഈടാക്കിയ നിരക്ക് ---------50/-

അടിസ്ഥാന വസ്തു നികുതി ---24,295.2/-

ഇളവുകൾ

മേഖല-10%

മേൽക്കൂര-10%

ആകെ 4,859.04

വർദ്ധനവ്--ഇല്ല

അടിസ്ഥാനവാർഷിക വസ്തു നികുതി 19,436/-

ഈടാക്കിയത്---5,765/-

നഷ്ടം--13,671/-

ടി കെട്ടിടങ്ങളിൽ നിന്നും 2011-ലെ കേരളപഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവനഉപനികുതിയും സർചാർജ്ജ് ) ചട്ടങ്ങൾ 23 sub rule 4 and proviso subtituted by SROno. 180/2013 dt 15-3-2013 പ്രകാരം കുറച്ച് ഈടാക്കിയതുമൂലം 42,096/- രൂപ നഷ്ടം വന്നിരിക്കുന്നു. ആയതിന് വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. നഷ്ടംവരാൻ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തുക തിരികെ ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

4)മൂന്നാം വാർഡിലെ 1076 മുതൽ 1084 വരെയുള്ള കെട്ടിടങ്ങൾ ശ്രീ. സുധാകരൻ, ലക്ഷ്മി ആർക്കൈഡ് എന്ന വ്യക്തിയുടേതാണ്. ടി കെട്ടിടത്തിന്റെ വിസ്തീർണ്ണം അസ്സസ് ചെയ്തിരിക്കുന്നത് താഴെ പറയും പ്രകാരം ആണ്.

താഴത്തെനില -221$m^2$

ഒന്നാംനില-----297$m^2$

രണ്ടാം നില---- 302$m^2$ എന്നിങ്ങനെയാണ്. എന്നാൽ പ്രാദേശിക പരിശോധനയിൽ ടി കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോർ 252.51$m^2$ വിസ്തീർണ്ണത്തിൽ ആണെന്ന് കണ്ടെത്തിയിട്ടുണ്ട്. മൂന്നാം നില 297$m^2$ വലുപ്പത്തിൽ ഷീറ്റ് റൂഫിംഗ് ചെയ്തതായി കണ്ടെത്തിയിട്ടുണ്ട്. ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ഗ്രൗണ്ട്

ഫ്ലോർ റീ അസ്സസ്സ് ചെയ്ത് നികുതി ഈടാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. മൂന്നാം നില പിന്നീട് കെട്ടിയതാണെന്നും ആയത് റഗുലറൈസ് ചെയ്ത് നികുതി ഈടാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ആയത് റഗുലറൈസ് ചെയ്ത് നികുതി ഈടാക്കി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

എൻക്വയറി നമ്പർ - 12/28-7-18

## 2-9 ഇ ടെണ്ടർ ഫോറം വിലയും വാറ്റും പഞ്ചായത്ത് അക്കൗണ്ടിൽ വരവു വന്നിട്ടില്ല

വാട്ടർ ടാങ്ക് വാങ്ങൽ എന്ന പ്രോജക്ടിനായി ഇ - ടെണ്ടർ നൽകിയ അരുൺ പോളിമേഴ്സ്, ഫൈസൽ എന്നീ വ്യക്തികൾ അടച്ച തുക 2,622/-രൂപയുടെ (ടെണ്ടർ ഫോറം വില -2,11,260/- , വാറ്റ് 251/- എന്നിവയുടെ) വരവ് വിവരങ്ങൾ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ടി തുകകൾ പഞ്ചായത്ത് ഡയറക്ടറുടെ പേരിൽ ഉള്ള അക്കൗണ്ടിലേക്കാണ് വരവു വന്നതെന്നുംആയത് തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ആയത് തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

എൻക്വയറി നം. - 8/ 28-7-18

## 2-10 വേക്കൻസി റെമിഷൻ- കെട്ടിട നികുതി കുറച്ച് ഈടാക്കി

ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി രണ്ടാം അർദ്ധവർഷത്തേക്ക് മാത്രം വേക്കൻസി റെമിഷൻ നൽകിയെങ്കിലും സഞ്ചയ സോഫ്റ്റ്വെയറിൽ രണ്ട് അർദ്ധവർഷത്തേക്കും വേക്കൻസി റെമിഷൻ നൽകിയിരിക്കുന്നതുമൂലം 7,463/-രൂപ പഞ്ചായത്തിന് നഷ്ടം വന്നിരിക്കുന്നു. 9-10-2017 തീയതിയിലെ മൂന്നാം നമ്പർ തീരുമാന പ്രകാരം രണ്ടാം അർദ്ധവർഷത്തേക്ക് മാത്രം ആണ് നികുതിയിളവ് അനുവദിച്ചിരിക്കുന്നത് . ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിടനമ്പർ ,കെട്ടിടം ഉടമയുടെ പേര് | ആദ്യ അർദ്ധ വർഷത്തിൽ ഒടുക്കേണ്ട നികുതി | വേക്കൻസി റെമിഷൻ പ്രകാരം രണ്ടാം അർദ്ധ വാർഷികത്തിൽ ഒടുക്കേണ്ട നികുതി | ആകെ അടച്ച നികുതി | കുറവ് വന്ന നികുതി |
|---|---|---|---|---|
| ഓമനാ കോശി V-144 | 3402 | 1701 | 3402 | 1701 |
| ഓമനാ കോശി V-610 | 6823 | 3412 | 6823 | 3412 |
| ലീലാമ്മാ ജോൺസൺ V-669 | 994 | 497 | 994 | 497 |
| ലീലാമ്മാ ജോൺസൺ V670 | 630 | 315 | 630 | 315 |
| അബ്ദുൾ റഷീദ് , മേലെവിള V-138 | 1365 | 683 | 1365 | 683 |
| അബ്ദുൾ റഷീദ് മേലെവിള V-139 | 1024 | 512 | 1024 | 512 |

| | | | | |
|---|---|---|---|---|
| അബ്ദുൾ റഷീദ് ,മേലെവിള V-140 | 685 | 343 | 685 | 343 |
| | | | ആകെ | 7,463 |

ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി ടി കെട്ടിടങ്ങൾ ഇപ്പോഴും ഒഴിഞ്ഞു കിടക്കുകയാണെന്നാണ് അറിയിച്ചിട്ടുള്ളത്. നടപടിക്രമങ്ങൾ പാലിക്കാത്തതു കൊണ്ട് മറുപടിയിലെ വാദം അംഗീകരിക്കുന്നില്ല. ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും നഷ്ടതുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 21/30.7.2018

## 2-11 നികുതിയിളവ്- ആവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല

ഗ്രാമപഞ്ചായത്തിലെ കെട്ടിടങ്ങൾക്ക് നൽകിയ നികുതിയിളവിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിമുക്തഭടൻമാരുടെ പേരിൽ ഉള്ള കെട്ടിടങ്ങൾ, പൊളിച്ച് കളഞ്ഞ കെട്ടിടങ്ങൾ എന്നിവയുടെ എണ്ണം, ആയത് മൂലം ഡിമാന്റിൽ കുറവു വന്ന തുക എന്നിവ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതിയിളവ് നൽകുന്ന ഓരോ ഇനത്തിലും പെട്ട കെട്ടിടങ്ങളുടെ എണ്ണം, ആയതുമൂലം ഡിമാന്റിൽ കുറവു വന്ന തുക എന്നിവയുടെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. 19/30.7.2018

## 2-12 അനധികൃത നിർമ്മാണം തുടർ നടപടി സ്വീകരിച്ചില്ല

അനധികൃത നിർമ്മാണത്തിനെതിരെ തുടർനടപടി സ്വീകരിക്കാൻ കമ്മിറ്റി ആവശ്യപ്പെട്ടിട്ടും തുടർനടപടി ഉണ്ടായില്ല. 11-9-2017 തീയതിയിലെ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ രണ്ടാം നമ്പർ തീരുമാനപ്രകാരം പാറൂസ് ടെക്സ്റ്റയിൽസ്, വർണ്ണം, ന്യൂസ്റ്റോർ ,

ത്രിവേണി എന്നീ സ്ഥാപനങ്ങളിൽ നടന്ന അനധികൃത നിർമ്മാണം അന്വേഷണം നടത്തുന്നതിനും തുടർനടപടി സ്വീകരിക്കുന്നതിനും തീരുമാനിച്ചു. ആയതിന് സ്വീകരിച്ച തുടർനടപടിയുടെ വിവരങ്ങൾ ആവശ്യപ്പെട്ടു രേഖാമൂലം നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി അനധികൃത നിർമ്മാണങ്ങൾ ഒന്നും ശ്രദ്ധയിൽ പ്പെട്ടിട്ടില്ല എന്നുള്ള ഫീൽഡ് സ്റ്റാഫിന്റെ മറുപടിയാണ് ലഭ്യമാക്കിയിരിക്കുന്നത്. 11-9-2017 തീയതിയിലെ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനത്തിന് നാളിതുവരെ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ഒന്നും ഹാജരാക്കിയിട്ടില്ല. ആയതിന് കാരണം വിശദമാക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയുടെ തീരുമാനത്തെ ഖണ്ഡിക്കുന്ന തരത്തിൽ ഫീൽഡ് സ്റ്റാഫിന്റെ മറുപടി വാങ്ങി ഓഡിറ്റിനു നൽകിയ നടപടി പഞ്ചായത്തു സമിതിയുടെ ശ്രദ്ധയ്ക്കും നടപടിയ്ക്കുമായി വിടുന്നു.

ഓഡിറ്റ് എൻക്വയറി നം. 20/30.7.2018

## 2-13 അസിസ്റ്റന്റ് സെക്രട്ടറിയുടെ ബാങ്ക് അക്കൗണ്ടിൽ തുക ബാക്കി നിൽക്കുന്നു

അസിസ്റ്റന്റ് സെക്രട്ടറിയുടെ പേരിലുള്ള സിൻഡിക്കേറ്റ് ബാങ്കിലെ 45022210010695 നമ്പർ അക്കൗണ്ടിൽ (സാനിട്ടറി യുണിറ്റ് അക്കൗണ്ടിൽ ) 30-6-18 തീയതിയിൽ 1,06,862/-രൂപ ബാക്കി നിൽക്കുന്നു. ആയതിന്റെ വിശദാംശങ്ങൾ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ആയതിൽ 25,000/- രൂപ ഇ.എം.ഡി ആണെന്നും ബാക്കി പലിശയിനത്തിലുള്ള വരവാണ്എന്നും അറിയിച്ചിട്ടുണ്ട്. തുക തിരിച്ചടച്ച് വിശദാംശങ്ങൾ രേഖാമൂലം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം.8/28.7.2018

## 2-14 കമ്മ്യൂണിറ്റി ഹാളിലെ ഉപയോഗരഹിതമായപാത്രങ്ങളുടെ വില്പന

കമ്മ്യൂണിറ്റി ഹാളിലെ ഉപയോഗരഹിതമായപാത്രങ്ങളുടെ വില്പന സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ 15.11.17-ൽ നൽകിയ ബി.2-6023/17-ാം നമ്പർ ടെണ്ടർ പരസ്യത്തിൽ പിത്തള ഉദ്ദേശം 300കി.ഗ്രാം, ചെമ്പ്. 500കി.ഗ്രാം, സ്റ്റീൽ ഉദ്ദേശം 75 കി.ഗ്രാം,

അലൂമിനിയം 300കി.ഗ്രാം, ഇരുമ്പ് ഉദ്ദേശം 500 കി.ഗ്രാം, പ്ലാസ്റ്റിക്ക് 50 കി.ഗ്രാം എന്നിങ്ങനെയാണ് ക്വട്ടേഷൻ ക്ഷണിച്ചിരിക്കുന്നത്.

എന്നാൽ വിൽപ്പന നടത്തിയിരിക്കുന്നത് ചെമ്പ്. 296.850കി.ഗ്രാം @335/-, പിത്തള 39.6കി.ഗ്രാം @ 240/-, ഇരുമ്പ് 72.950 കി.ഗ്രാം @20/-, അലൂമിനിയം 191.400കി.ഗ്രാം @95/-, സ്റ്റീൽ 4 കി. ഗ്രാം @33/-എന്നിങ്ങനെയാണ്.

ക്വട്ടേഷൻ ക്ഷണിക്കുമ്പോഴുള്ള വാല്യേഷനിൽ നിന്നും വളരെ കുറഞ്ഞ അളവിലാണ് വിൽപ്പന നടത്തിയിരിക്കുന്നത്. ഇതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. ക്വട്ടേഷൻ നൽകുന്നതിനായി വാല്യേഷൻ തയ്യാറാക്കേണ്ടത് മേൽപ്പറഞ്ഞ ഇനങ്ങളുടെ കൃത്യമായ തൂക്കമനുസരിച്ചായിരുന്നു. എന്നാൽ ഉദ്ദേശകണക്ക് അനുസരിച്ച് അളവുകൾ പ്രകാരം സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കാത്തതിനാൽ മേൽപ്പറഞ്ഞ ഇനങ്ങളുടെ തൂക്കത്തിൻെറ കണക്ക് ലഭ്യമല്ല. ആയതിനാൽ മേൽപ്പറഞ്ഞ ഇനങ്ങളുടെ സ്റ്റോക്കും വാങ്ങലുകൾ നടത്തിയതിന്റെ ബില്ലുകളും, വാല്യേഷൻ തയ്യാറാക്കിയതിൻെറ അസ്സൽ പകർപ്പും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 'ടോയ്‌ലറ്റ് നിർമ്മാണം-പദ്ധതി പൂർത്തീകരിച്ചിട്ടില്ല.

പദ്ധതി നം – 173/18

ബിൽനം – 43/17-18,17-3-18

തുക-5,29,849/- രൂപ

കരാറുകാരൻ - ശ്രീജിത്ത്

പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലായി നാല് ഷീ ടോയ്ലറ്റുകൾ നിർമ്മിക്കുന്നതിനുള്ള 10 ലക്ഷം രൂപയുടെ എസ്റ്റിമേററ് പ്രകാരം നടത്തിയ ടെണ്ടറിൽ 0.37% കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരനുമായി 37/ae/elm/lsgd/17-18,dt16-12-17 -ആയി എഗ്രിമെൻറ്

വെച്ചിട്ടുള്ളതും 20-12-17-ൽ സൈറ്റ് ഹാൻഡ് ഓവർ ചെയ്തിട്ടുള്ളതുമാണ്. ആറു മാസമായിരുന്നു പൂർത്തീകരണ കാലാവധി.

എന്നാൽ നാളിതുവരെ രണ്ടു ടോയിലററുകൾ മാത്രമാണ് പൂർത്തീകരിച്ചിട്ടുള്ളത്. കാലതാമസമുണ്ടായതിന് കാരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് രണ്ടു ഷീ ടോയ്ലറ്റുകൾ ആലുംമൂട് മാർക്കറ്റിലും ഹെൽത്തു സെന്ററിലുമായി പൂർത്തീകരിച്ചിട്ടുണ്ടെന്നും ഒരെണ്ണം പകൽവീടും ബഡ്സ് സ്കൂളും നിർമ്മിക്കാനുദ്ദേശിക്കുന്ന വസ്തുവിലണെന്നും സൈറ്റ് ക്ലിയർ ചെയ്തു കിട്ടാൻ താമസിച്ച

തായും ഇപ്പോൾ പൂർത്തീകരിച്ചിട്ടുള്ളതായും മറുപടി നൽകി. കൂടാതെ നാലാമത്തെ ടോയ്ലറ്റ് നിർമ്മിക്കാൻ ഉദ്ദേശിച്ചിരുന്ന പഞ്ചായത്ത് കോമ്പൗണ്ടിൽ സ്ഥല പരിശോധന നടത്തിയതിൽ നിർമ്മാണം സാധ്യമല്ലാത്ത സ്ഥലമാണ് എന്നു ബോധ്യപ്പെട്ടു. ടി ടോയ്ലറ്റ് നിർമ്മിക്കുന്നതിന് അനുയോജ്യമായ സ്ഥലം പഞ്ചായത്തു കമ്മിറ്റി നിർദ്ദേശിക്കുന്ന മുറയ്ക്ക് നിർമ്മാണം പൂർത്തിയാക്കുന്നതാണെന്നാണ് മറുപടി നൽകിയിട്ടുള്ളത്.

പദ്ധതി നിർവ്വഹണത്തിന് വ്യക്തമായ കാഴ്ചപ്പാടില്ലാത്തതും ശരിയായ സൈറ്റ് പഠനം നടത്താത്തതും പദ്ധതി പൂർത്തീകരിക്കുന്നതിന് തടസമായതായിക്കാണുന്നു. കരാർലംഘനം, ഉദ്യോഗസ്ഥ വീഴ്ച എന്നിവയിൽ വിശദീകരണം നൽകേണ്ടതാണ്.

## എൻക്വയറി നമ്പർ **1, 23-7-2018**

## **3-2** പൊതുകിണർ മെയിന്റനൻസ്

പദ്ധതി നം – 131/17

ബിൽ നം - 27/17-18

ഫണ്ട് - മെയിന്റനൻസ് ഫണ്ട്

എം ബുക്ക്നം- 35/16-17,36/16-17,37/16-17

കരാറുകാരൻ – ശ്രീ.മുരളീധരൻ പിള്ള

എഗ്രിമെന്റ് നം.28/16-17, 13.3.2017

പഞ്ചായത്തിലെ വിവിധ വാർഡുകളിലായി 30 കിണറുകൾ മെയിന്റനൻസ് നടത്തുന്നതിന് 15 ലക്ഷം രൂപയുടെ എസ്റ്റിമേററ് തയ്യാറാക്കിയ പദ്ധതിയാണിത്. എന്നാൽ 8-6-17ലെ നം1(6) -കമ്മറ്റി തീരുമാനത്തിൽ കിണറുകൾ ഇറങ്ങി പരിശോധിച്ചതിൽ എസ്റ്റിമേറ്റ പ്രകാരം പൂർത്തിയാക്കാൻ സാധിക്കാത്ത അവസ്ഥയായതിനാൽ എസ്റ്റിമേറ്റിൽ ഭേദഗതിവരുത്തുന്നതിനും മെയിന്റനൻസ് നടത്താൻ കഴിയുന്നവ വൃത്തിയാക്കുന്നതിനും എൽ.എസ്.ജി. അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലത്തിപ്പെടുത്തിക്കാണുന്നു. ബന്ധപ്പെട്ട ഫയൽ, എം.ബുക്ക് എന്നിവയുടെ പരിശോധനയിൽ റിവൈസ്ഡ് എസ്റ്റിമേറ്റ് അനുസരിച്ചുള്ള (11,20,555/-രൂപ)21 കിണറുകൾ മെയയിന്റനൻസ് നടത്തിയിട്ടുണ്ട്. എന്നാൽ ഒഴിവാക്കപ്പെട്ട 9 കിണറുകൾ സംബന്ധിച്ച് നിലവിലെ അവസ്ഥയും ഇനിയും പുനരുദ്ധാരണത്തിനാവശ്യമായ നടപടികൾ സംബന്ധിച്ച് വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. റിവൈസ്ഡ് എസ്റ്റിമേറ്റിൽ 3,19,392/-രൂപയുടെ എക്സ്ട്രാ ഐറ്റം ഉൾപ്പെടുത്തിയിരുന്നു. അടങ്കൽ തുകയിൽ മാററം വരുത്തിയെങ്കിലും റീടെണ്ടർ ചെയ്യുന്നതിന് നടപടിയെടുത്തിട്ടില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് എസ്റ്റിമേറ്റിൽ എക്സ്ട്രാ ഐറ്റം ഉണ്ടായിരുന്നു എങ്കിലും കരാറുകാരൻ സ്ഥലം ഏറ്റെടുക്കുകയും പണി ആരംഭിക്കുകയും ചെയ്ത സാഹചര്യത്തിൽ റീടെണ്ടർ ചെയ്യുന്നതിനു സാങ്കേതിക ബുദ്ധിമുട്ടുണ്ടായിരുന്നതായും എക്സ്ട്രാ ഐറ്റത്തിന് ടിയാൻ ക്വാട്ട ചെയ്ത നിരക്ക് കണക്കാക്കി ആനുപാതികമായ നിരക്ക് മാത്രമാണ് നൽകിയതെന്നും മറുപടി ലഭ്യമാക്കി.

പഞ്ചായത്തിൻെറ ആസ്തിയിൽ ഉൾപ്പെട്ട ബാക്കിയുള്ള കിണറുകൾ ഉപയോഗപ്രദമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

എൻക്വയറി നം. -7/17-18 , തീയതി – 26-7-18

## 3-3 അക്കൗണ്ടിൽ നിന്നും ക്യാഷ് ഹാൻഡിലിംഗ് ചാർജ്ജ് 12,661/- ഈടാക്കിയിരിക്കുന്നു

ഗ്രാമപഞ്ചായത്തിൻെറ തനത് ഫണ്ട് നിലനിർത്തുന്ന കാനറ ബാങ്കിൻെറ കുണ്ടറ ശാഖയിലെ അക്കൗണ്ടിൽ (നം.3582101006729) നിന്നും ടി സാമ്പത്തിക വർഷത്തിലെ ഇടപാടുകൾക്കായി ക്യാഷ് ഹാൻഡിലിംഗ് ചാർജ്ജ് 12,661/- രൂപ ഈടാക്കിയിരിക്കുന്നു.

| മാസം | തുക<br>(രൂപ) |
|---|---|
| 7/17 | 365 |
| 8/17 | 1,083 |
| 9/17 | 217 |
| 10/17 | 1,040 |
| 11/17 | 716 |
| 12/17 | 1,438 |
| 1/18 | 1,986 |
| 2/18 | 1,805 |
| 3/18 | 4,011 |
| ആകെ | 12,661/-രൂപ |

സർക്കാർ സ്ഥാപനങ്ങളിൽ നിന്നും ടി ചാർജ്ജ് ഈടാണ്ടതില്ലാത്തതിനാൽ ടി തുക തിരികെ ലഭ്യമാക്കാൻ നടപടികൾ സ്വീകരിച്ചതിൻെറ വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് (നം.25/1/8/2018) മറുപടി ലഭ്യമല്ല. തുക തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

## 3-4 കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

**1.പാടശേഖരസമിതികൾക്ക് യന്ത്രങ്ങൾ വാങ്ങൽ**

പ്രോജക്റ്റ് നം179/18 ,

അടങ്കൽ തുക 1,70,000/-രൂപ (വികസന ഫണ്ട് ജനറൽ-42,500/--രൂപ,ഗുണഭോക്തൃ വിഹിതം -17,000/--രൂപ , ജില്ലാപഞ്ചായത്ത്-1,10,500/--രൂപ)

ചെലവഴിച്ച തുക -42,469/--രൂപ (ബിൽ നം 7/21-3-18)

രജിസ്റ്റർ ചെയ്ത പാടശേഖര സമിതികൾക്ക് കാർഷികാവശ്യങ്ങൾക്ക് പവർ ടില്ലർ വാങ്ങി നല്കുന്നതിനായാണ് പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്. പഞ്ചായത്ത് കമ്മിറ്റിയുടെ 29-11-17 ലെ 3ാം നം തീരുമാനപ്രകാരം മേവറം പാടശേഖര സമിതിക്ക് വാങ്ങി നല്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടെങ്കിലും ഹാജരാക്കിയ രേഖകൾ പ്രകാരം പാടശേഖര സമിതി രജിസ്റ്റർ ചെയ്തിരിക്കുന്നത് 25-4-18ലാണ് (KLM/TC /187/18). പാടശേഖരസമിതിയുടെ രജിസ്ട്രേഷൻ യഥാസമയം പുതുക്കാഞ്ഞതിനാൽ ക്യാൻസൽ ആകുകയും പിന്നീട് പുതുക്കി എന്നുമാണ് നിർവ്വഹണോദ്യോഗസ്ഥൻ അറിയിച്ചിരിക്കുന്നത്.

മേൽ പദ്ധതിക്ക് വേണ്ടി വികസനഫണ്ടിൽ നിന്നും വകയിരുത്തിയ തുകയായ 42,469/-രൂപ ( ബിൽ നം 7/21-3-18) രൂപ കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് നല്കിയിട്ടുണ്ടെങ്കിലും പവർ ടില്ലർ ഇതു വരെയും വാങ്ങിയിട്ടില്ല. മേൽ വിഷയങ്ങൾ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (2/24-7-18) മറുപടിയായി പഞ്ചായത്തിൽ ഒടുക്കിയ ഗുണഭോക്തൃവിഹിതവും ജില്ലാപഞ്ചായത്ത് വിഹിതവും യഥാസമയം പഞ്ചായത്തിൽ നിന്നും ലഭിക്കാത്തത് മൂലമാണ് പവർ ടില്ലർ വാങ്ങാൻ കഴിയാഞ്ഞതെന്നും 20-7-18 ൽ തുക ലഭ്യമായെന്നും മറുപടി നല്കിയിട്ടുണ്ട്. പവർ ടില്ലർ ലഭിച്ചിട്ടില്ലാത്തതിനാൽ ഇതിന് വേണ്ടി വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച 42,469/-രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. 1.പാടശേഖരസമിതികൾക്ക് യന്ത്രങ്ങൾ വാങ്ങൽഎത്രയും പെട്ടെന്ന് പവർടില്ലർ വാങ്ങി സ്റ്റോക്കിലെടുത്ത് പാടശേഖരസമിതിയുമായി കരാർ വച്ച് കൃഷിക്ക് ഉപയുക്തമാക്കേണ്ടതും ടില്ലറിന്റെ രജിസ്ട്രേഷൻ, ഇൻഷുറൻസ്, കരാർ എന്നിവയുടെ രേഖകൾ ഹാജരാക്കേണ്ടതാണ്.

2.രോഗം ബാധിച്ച തെങ്ങുകൾ മുറിച്ചു മാറ്റി പകരം തൈ നടീൽ.

പ്രോജക്ട് നം. 101/18
അടങ്കൽ തുക 9,36,501/--രൂപ (വികസന ഫണ്ട് ജനറൽ- 9,00,000/-രൂപ ,ഗുണഭോക്തൃ വിഹിതം -36,501/--രൂപ , )

ചെലവഴിച്ച തുക – 8,73,425/--രൂപ ( 88,500/--രൂപ ബിൽ നം 5/26-2-18,5,16,500/--രൂപ,ബിൽ നം 9/21-3-8, 1,50,000/--രൂപ , ബിൽ നം11/27-3-18,1,18,425/--രൂപ
ബിൽ നം10/27-3-18 ഗുണഭോക്തൃ വിഹിതം ചെലവഴിച്ചിട്ടില്ല. )

മുറിച്ചുമാറ്റിയ തെങ്ങുകൾക്ക് പകരം തെങ്ങിൻ തൈ നല്കുന്നതിനായി 1,520 തെങ്ങിൻ തൈ 100/-രൂപ ക്രമത്തിൽ 1,52,000/- രൂപയുടെ ഇൻവോയ്സ് പ്രകാരം (കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ) വികസന ഫണ്ടിൽ നിന്നും 1,13,925/- രൂപ ട്രാൻസ്ഫർ ചെയ്തു നല്കിയിട്ടുണ്ടെങ്കിലും തെങ്ങിൻ തൈ വാങ്ങി വിതരണം ചെയ്തതിന്റെയോ ഗുണഭോക്തൃവിഹിതമിനത്തിലുള്ള തുക (ഒരു തെങ്ങിന് 25 രൂപ നിരക്കിൽ) കൈമാറിയതിന്റെയോ രേഖകൾ ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (2/24-7-18) മറുപടിയായി തെങ്ങിൻ തൈകൾ വിതരണത്തിനായി എത്തിച്ചേർന്നിട്ടുണ്ടെന്ന മറുപടിയാണ് ലഭ്യമാക്കിയത് . തെങ്ങിൻ തൈകൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെയും ഗുണഭോക്തൃവിഹിതം KAICOയ്ക്ക് കൈമാറിയതിന്റെയും രേഖകൾ ഹാജരാക്കേണ്ടതാണ്. വിതരണ രേഖകളുടെ അഭാവത്തിൽ തെങ്ങിൻ തൈ വാങ്ങുന്നതിന് വേണ്ടി വികസനഫണ്ടിൽ നിന്നും ചെലവഴിച്ച 1,13,925/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

3.കശുമാവിൻ തൈ വിതരണം 94/18

പ്രോജക്ട് നം.-108/18

അടങ്കൽ തുക – 37,500/-(വികസനഫണ്ട് ജനറൽ)
ചെലവഴിച്ച തുക – 37,500/- (ബിൽ നം. 8/21.3.2018)

മേൽ പദ്ധതി വഴി 1,000/- കശുമാവിൻ തൈകൾ 35/- രൂപ നിരക്കിൽ വാങ്ങുന്നതിനായി 37,500/- രൂപ (വികസന ഫണ്ട് , ബിൽ നം 8/21-3-18)കാഷ്യൂ ഡെവലപ്പ്മെന്റ് കോർപ്പറേഷന് നല്കിയിട്ടുണ്ടെങ്കിലും കശുമാവിൻ തൈകൾ ലഭ്യമായതിന്റെയോ വിതരണം ചെയ്തതിന്റെയോ രേഖകൾ ഹാജരാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (2/24-7-18) മറുപടിയായി കശുമാവിൻതൈകൾ വിതരണത്തിനായി എത്തിച്ചേർന്നിട്ടുണ്ടെന്ന മറുപടിയാണ് ലഭ്യമാക്കിയത്. കശുമാവിൻ തൈകൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്. വിതരണ രേഖകളുടെ അഭാവത്തിൽ കശുമാവിൻതൈകൾ വാങ്ങുന്നതിന് വേണ്ടി വികസനഫണ്ടിൽ നിന്നും ചെലവഴിച്ച 37,500/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## **3-5** രോഗം ബാധിച്ച തെങ്ങുകൾ മുറിച്ചു മാറ്റി പകരം തൈ നടീൽ- **10** തെങ്ങുകൾ മുറിച്ചുമാറ്റിയതിന് **20** എണ്ണത്തിന്റെ ധനസഹായം നല്കിയിരിക്കുന്നു.

കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ *"രോഗം ബാധിച്ച തെങ്ങുകൾ മുറിച്ചു മാറ്റി പകരം തൈ നടീൽ* "എന്ന പദ്ധതിയിൽ ( 101/18) മുറിച്ചു മാറ്റിയതിനേക്കാൾ കൂടുതൽ തെങ്ങുകൾക്ക് ആനുകൂല്യം നല്കിയ ഇനത്തിൽ 5,000/- രൂപ അധികമായി നല്കിയിരിക്കുന്നു.

അടങ്കൽ തുക – 9,36,501/-രൂപ (വികസന ഫണ്ട് ജനറൽ-
9,00,000/-രൂപ, ഗുണഭോക്തൃ വിഹിതം-36,501/-രൂപ)
ചെലവഴിച്ച തുക 88,500/-രൂപ (ബിൽ നം. – 5/26-2-18,5,16,500/-രൂപ,
ബിൽ നം. –9/21-3-18,1,50,000/-രൂപ,
ബിൽ നം. –11/27-3-18,1,18,425/-രൂപ,ബിൽ നം. –10/27-3-18
ഗുണഭോക്തൃ വിഹിതം ചെലവഴിച്ചിട്ടില്ല.)

മേൽ പദ്ധതി നടപടിക്രമങ്ങളിൽ കൃഷി അസിസ്റ്റന്റുമാർ നടത്തുന്ന

സർവ്വേ വഴി ഓരോ ഗുണഭോക്താക്കളുടെ പുരയിടത്തിലുമുള്ള രോഗം ബാധിച്ച തെങ്ങുകളുടെ എണ്ണം നിശ്ചയിച്ച കൊണ്ട് സർവ്വെ ലിസ്റ്റ് തയ്യാറാക്കുമെന്നും ഈ ലിസ്റ്റ് പ്രകാരം ഗുണഭോക്താക്കൾ മുറിച്ചു മാറ്റുന്ന തെങ്ങുകൾക്ക് 500/- രൂപ ക്രമത്തിൽ ആനുകൂല്യം നല്കുമെന്നുമാണ് വ്യക്തമാക്കിയിരുന്നത്. ഈ പദ്ധതി വഴി തെങ്ങുകൾ മുറിച്ചതിന്റെ സബ്സിഡിയിനത്തിൽ ആനുകൂല്യം നല്കിയിട്ടുള്ള ശ്രീ.കെ.ബി.മുരളീകൃഷ്ണനുണ്ണിത്താൻ, കൃഷ്ണവിലാസം , പുനക്കന്നൂർ എന്ന വ്യക്തിയുടെ അപേക്ഷ, മുറിച്ചുമാറ്റേണ്ട തെങ്ങുകളുടെ എണ്ണം നിശ്ചയിച്ച കൊണ്ടുള്ള കൃഷി അസിസ്റ്റന്റ് തയ്യാറാക്കിയ സർവ്വേ ലിസ്റ്റ് എന്നിവ പരിശോധിച്ചതിൽ സർവ്വേ ലിസ്റ്റിലും അപേക്ഷയിലും ടിയാൾക്ക് 10 തെങ്ങുകൾ മുറിച്ചു മാറ്റേണ്ടതായാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ടിയാൾക്ക് 20 തെങ്ങുകൾക്ക് 500/- രൂപ നിരക്കിൽ 10,000/- രൂപ നല്കിയിരിക്കുന്നു.മുറിച്ചു മാറ്റേണ്ട തെങ്ങുകൾ 10 എണ്ണം മാത്രമായിരിക്കെ 5,000/-രൂപ അധികമായി നല്കിയതിന്റെ കാരണം രേഖാമൂലം ആവശ്യപ്പെട്ടതിന് ഫൈനൽ സർവ്വേ ലിസ്റ്റ് തയ്യാറാക്കിയതിന് ശേഷവും കൂടുതൽ തെങ്ങുകൾ മുറിച്ചു മാറ്റാനുള്ളതായി ബോദ്ധ്യപ്പെട്ടെന്നാണ് മറുപടി നൽകിയിരിക്കുന്നത്. അത് അംഗീകരിക്കുന്നില്ല. അധികമായി നല്കിയ 5,000/- രൂപ നിരാകരിക്കുന്നു.

നിരാകരിച്ച തുക 5,000/-രൂപ

എൻക്വയറി നം. 15/28.7.2018

## **3-6** പഞ്ചായത്ത് ഓഫീസിന് കമ്പ്യൂട്ടർ വാങ്ങൽ -ടെണ്ടർ സ്പെസിഫിക്കേഷനിൽ നിന്നും വ്യതിചലിച്ച് പർച്ചേസ് നടത്തിയത് മൂലം **16,500/-** രൂപ നഷ്ടം.

പ്രോജക്ട് നം-36/18

അടങ്കൽ തുക - തനത് ഫണ്ട്-5,00,000/-രൂപ

ചെലവഴിച്ച തുക - 2,19,900/--രൂപ,(ചെക്ക് നം.8888676/12-3-18)

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽ പദ്ധതി ഫയൽ പരിശോധിച്ചതിൽ ടെണ്ടർ പരസ്യത്തിൽ

ആവശ്യപ്പെട്ടിരുന്ന സ്പെസിഫിക്കേഷനു കളേക്കാൾ കൂടിയ സ്പെസിഫിക്കേഷനുകളോട് കൂടിയ കമ്പ്യൂട്ടറുകൾ വാങ്ങിയത് മൂലം തനത് ഫണ്ടിൽ നിന്നും 16,500/- രൂപ അധികമായി ചെലവഴിച്ചിരിക്കുന്നു.

മേൽ പദ്ധതി വഴി 6 കമ്പ്യൂട്ടറുകൾ 36,650/- രൂപ നിരക്കിൽ (intel core i3 7th generation processor, 20 inch monitor, 5 വർഷ വാറന്റി ) 219,900/- രൂപയ്ക്ക് Hypertech system, kollam എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങിയിട്ടുണ്ട്. മേൽ പദ്ധതിയുടെ ടെണ്ടർ പരസ്യം പരിശോധിച്ചതിൽ കമ്പ്യൂട്ടർ വാങ്ങുന്നതിന് 3-10-17ൽ നല്കിയ ടെന്റർ പരസ്യത്തിൽ (window no G60126/17 of www.lsgkerala.gov.in) intel core i3, 4GB RAM, 500GB SATA HDD, 47 cm(18.5 inch) LED monitor, 8xDVD drive തുടങ്ങി സ്പെസിഫിക്കേഷനുകളോട് കൂടിയതും 3 വർഷ വാറന്റിയോട് കൂടിയതുമായ കമ്പ്യൂട്ടറുകൾക്കാണ് ടെണ്ടർ ക്ഷണിച്ചിരുന്നത്.

4 ടെണ്ടറുകൾ ലഭിച്ചതിൽ ടെണ്ടർ പരസ്യത്തിൽ ആവശ്യപ്പെട്ടിരുന്ന സ്പെസിഫിക്കേഷനുകളോടും (intel core i3 7th generation processor, windows professional 10,18.5inch LED monitor, 3 വർഷ വാറന്റി ) വാറന്റിയോടും കൂടിയ കമ്പ്യൂട്ടർ 33,900/-രൂപയ്ക്ക് F1 Solution, എഴുകോൺ എന്ന സ്ഥാപനമാണ് ക്വോട്ട് ചെയ്തിരുന്നത്. 20 inch monitor,windows professional 10, 5 വർഷ വാറന്റി എന്നിവയോട്കൂടിയതും മറ്റ് സ്പെസിഫിക്കേഷനുകളെല്ലാം F1 Solution ന്റേതിന് തുല്യമായതുമായ കമ്പ്യൂട്ടറാണ് Hypertech system, kollam എന്ന സ്ഥാപനം 36,650/- രൂപയ്ക്ക് ക്വോട്ട് ചെയ്തിരുന്നത്.

സ്റ്റോർ പർച്ചേസ് മാന്വൽ ഖ.7.33.4 ൽ ടെണ്ടർ ക്ഷണിക്കുമ്പോൾ സ്പെസിഫിക്കേഷനുകൾ വളരെ വ്യക്തത ഉള്ളതായിരിക്കണമെന്നും ടെണ്ടർ ക്ഷണിച്ചതിന് ശേഷം സ്പെസിഫിക്കേഷൻ മാറ്റുവാൻ പാടില്ല എന്നും വ്യക്തമാക്കുന്നുണ്ട്. കമ്പ്യൂട്ടർ വാങ്ങൽ സംബന്ധിച്ച കമ്മറ്റി തീരുമാനം പരിശോധിച്ചതിൽ (10-11-17ലെ തീരുമാന നമ്പർ 1.6.4) 4 ടെണ്ടറുകൾ ലഭിച്ചതിൽ വിൻഡോസ് ഉള്ള കമ്പ്യൂട്ടർ ആണ് ഓഫീസ്

ഉപയോഗത്തിന് നല്ലതെന്നുള്ള വിചിത്രമായ വിലയിരുത്തലിൽ ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്ത ഹൈപ്പർ ടെക്ക് കൊല്ലത്തിന്റെ ടെണ്ടർ അംഗീകരിച്ച് തീരുമാനിച്ചു എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയുടെ മറുപടിയിൽ ഐ.കെ.എമ്മിന്റെ നിർദ്ദേശപ്രകാരമാണ് ഹൈപ്പർ ടെക്കിന്റെ കമ്പ്യൂട്ടർ വാങ്ങിയതെന്ന മറുപടിയാണ് നല്കിയത്. എന്നാൽ ഇത് സംബന്ധിച്ച രേഖകളോ കമ്മിറ്റി തീരുമാനമോ ഇല്ല.

ടെണ്ടറിൽ ആവശ്യപ്പെട്ടിരുന്ന സ്പെസിഫിക്കേഷനുകളോട് കൂടിയ കമ്പ്യൂട്ടറിന് ഏറ്റവും കുറഞ്ഞ വില ക്വോട്ട് ചെയ്തിരുന്നത് F1 Solution നായിരിക്കെ ടെണ്ടർ പരസ്യത്തിൽ നിന്നും വ്യതിചലിച്ച് കൂടിയ സ്പെസിഫിക്കേഷനുകളോട് കൂടിയ കമ്പ്യൂട്ടർ കൂടിയ വിലയ്ക്ക് പർച്ചേസ് നടത്തിയതു മൂലം ഒരു കമ്പ്യൂട്ടറിന് 2,750/-(36,650-33,900)രൂപ നിരക്കിൽ 6 കമ്പ്യൂട്ടറുകൾക്ക് 16,500/- രൂപ തനത് ഫണ്ടിൽ നിന്നും അധികമായി ചെലവഴിച്ചിട്ടുണ്ട്. അധികമായി ചെലവഴിച്ച തുക ഓഡിറ്റിൽ നിരാകരിക്കുന്നു. നടപടിക്രമങ്ങളിൽ വീഴ്ച വരുത്തി നഷ്ടമുണ്ടാക്കിയ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും തുക ഈടാക്കി തനതു ഫണ്ടിൽ ഒടുക്കു വരുത്തേണ്ടതാണ്.

അധിക ചെലവ് -16,500/-രൂപ

ഓഡിറ്റ് എൻക്വയറി നം – 22/30-7-18

**3-7** <u>സ്കൂളുകൾക്ക് ലാപ്ടോപ്പ് വാങ്ങൽ **(67/18) -**ഒരേ സ്ഥാപനത്തിൽ നിന്നും ഒരേ സ്പെസിഫിക്കേഷനിലുള്ള കമ്പ്യൂട്ടറുകൾ വ്യത്യസ്ത വിലയ്ക്ക് വാങ്ങിയിരിക്കുന്നത് മൂലം **6,030/-** രൂപ അധികമായി ചെലവഴിച്ചിരിക്കുന്നു.</u>

അടങ്കൽ തുക MG(NR) - 1,80,000/-രൂപ

ചെലവഴിച്ച തുക – 1,79,970/-രൂപ(ബിൽ നം 2/20-1-18 തുക 8,6,970/-രൂപ,ബിൽ നം3/28-2-18 തുക 93,000/-രൂപ)

ഈ പ്രോജക്ട് പ്രകാരം കെൽട്രോണിൽ നിന്നും ഒരേ സ്പെസിഫിക്കേഷനിലുള്ള 6 കമ്പ്യൂട്ടറുകൾ വാങ്ങിയതിൽ 3 കമ്പ്യൂട്ടറുകൾ

28,990/- രൂപ നിരക്കിലും 3 കമ്പ്യൂട്ടറുകൾ 31,000/-രൂപ നിരക്കിലും വാങ്ങിയിട്ടുള്ളത്. സ്റ്റോർ പർച്ചേസ് മാന്വൽ ഖ.6.1 ൽ സ്റ്റോർ പർച്ചേസുകൾക്ക് വേണ്ടിയുള്ള പദ്ധതികളിൽ മുൻവർഷങ്ങളിലെ ഉപയോഗം മുൻ നിർത്തി ഓരോ വർഷവും ആവശ്യമായ സാധനങ്ങളുടെ പട്ടിക വർഷാരംഭത്തിന് മുമ്പ് തയ്യാറാക്കണമെന്നും പട്ടിക തയ്യാറാക്കുമ്പോൾ തൊട്ടടുത്ത സാമ്പത്തിക വർഷത്തെ ആദ്യ മൂന്ന് മാസത്തേക്കുള്ള ആവശ്യകത കൂടി പരിഗണിക്കണമെന്നും ആവശ്യമായ തുക ബജറ്റിൽ വകയിരുത്തണമെന്നും ആവശ്യകത കൃത്യമായി എസ്റ്റിമേറ്റ് ചെയ്യണമെന്നും വ്യക്തമാക്കുന്നുണ്ട്. എന്നാൽ കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനുവേണ്ടി തയ്യാറാക്കിയ പദ്ധതിയിൽ 3 കമ്പ്യൂട്ടറുകൾ 28,990/- രൂപ നിരക്കിൽ വാങ്ങിയതിന് ശേഷം വാങ്ങേണ്ട കമ്പ്യൂട്ടറുകളുടെ എണ്ണത്തിൽ വ്യത്യാസം വരുത്തി അതേ സ്പെസിഫിക്കേഷനിലുള്ള പ്രോജക്ട് റിവൈസ് ചെയ്ത് 3 കമ്പ്യൂട്ടറുകൾ കൂടിവാങ്ങിയിട്ടുള്ളത് 31,000/-രൂപ വീതം നൽകിയാണ്. ഇപ്രകാരം ഒരു പ്രോജക്ടിൽ ഒരേ തരത്തിലുള്ള കമ്പ്യൂട്ടർ വ്യത്യസ്ത വിലയ്ക്കു വാങ്ങിയതു മൂലം 6,030/-രൂപയാണ് അധികം ചെലവാക്കിയിട്ടുള്ളത്.

ഇതിന്മേലുള്ള ഓഡിറ്റ് അന്വേഷണത്തിന് അറിവില്ലായ്മ മൂലവും പദ്ധതിപ്പണം ചെലവഴിക്കുന്നതിന് വേണ്ടിയുമാണ് രണ്ട് തവണയായി കമ്പ്യൂട്ടറുകൾ വാങ്ങിയതെന്നാണ് മറുപടി ലഭ്യമാക്കിയിരിക്കുന്നത്. തികച്ചും നിരുത്തരവാദിത്വപരമായ മറുപടിയാണിത്. സ്കൂളുകളിലേക്ക് കമ്പ്യൂട്ടറുകൾ വാങ്ങുന്നതിനുള്ള പുതിയ ഉത്തരവ് പ്രകാരം യൂണിറ്റ് കോസ്റ്റ് അധികരിച്ചിട്ടില്ലെങ്കിലും പ്രോജക്റ്റിൽ ആവശ്യമായ തുക വകയിരുത്തിയിരിക്കെ വ്യത്യസ്ത വിലകളിൽ കമ്പ്യൂട്ടറുകൾ വാങ്ങിയത് മൂലം നഷ്ടം വന്ന 6030/- (2010 x 3 )രൂപ ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥയിൽ നിന്നും ഈടാക്കേണ്ടതാണ്.

<u>ഓഡിറ്റ് എൻക്വയറി നം.-6/26-7-2018</u>

നിരാകരിച്ച തുക – 6,630/-രൂപ

## **3-8** <u>ടെണ്ടർ നടപടി സ്വീകരിക്കുന്നതിന് താമസം-പദ്ധതി നിർവ്വഹണം വൈകി</u>

പദ്ധതിനമ്പർ 89/15-16-ൽ നമ്പർ 32-അങ്കണവാടിയുടെ മെയിന്റനൻസിനായി 4 ലക്ഷം രൂപ വകയിരുത്തി എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും വർക്ക്പൂർത്തീകരിച്ച്

ബിൽ നൽകിയത് 2017-18ലാണ്. മേൽക്കൂര ചോർച്ചയുള്ള ടി അങ്കണവാടിക്ക് ട്രസ്സ് വർക്ക്ചെയ്യുന്നതിനും സ്റ്റെയർ കെയ്സ്, ഹാൻറെയിൽ, ഷട്ടർ എന്നിവ നിർമ്മിക്കുന്നതിന് 2014 ഡി.എസ്.ആർ അനുസരിച്ചുള്ള എസ്റ്റിമേറ്റിന് സാങ്കേതികാനുമതി ലഭ്യമായെങ്കിലും ടെണ്ടർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചത് 2/17-ലാണ്. 6-2-17-ന് ലഭിച്ച ടെണ്ടറുകളിൽ ഏറ്റവും കുറഞ്ഞ റേറ്റ്ക്വാട്ട് ചെയ്ത (21.1%) വിജയകുമാർ എന്ന കരാറുകാരനുമായി (നമ്പർ-21/ae/elm /lsgd/16-17dt.1-3-17)എഗ്രിമെന്റ് വച്ച് 19-5-17-ൽ പ്രവർത്തി പൂർത്തീകരിച്ച്പദ്ധതി നം-137/17-18 പ്രകാരം താഴെപ്പറയുന്ന വിധം തുക നൽകിയിട്ടുണ്ട്.

ആകെ ചെയ്ത പ്രവൃത്തി മൂല്യം-30,07,930/-രൂപ

ടെണ്ടർ കിഴിവ്-12,032/-രൂപ

ആകെ-2,88,761/-രൂപ

സ്ർവ്വീസ് ടാക്സ്-30,320/-രൂപ

ആകെ-3,31,113/-രൂപ
കിഴിവുകൾ കഴിച്ച് നൽകിയ തുക-3,13,065/-രൂപ

സമയബന്ധിതമായി നടപടി സ്വീകരിക്കാത്തതിനാൽ 2015-16 വർഷത്തെ പദ്ധതി നടപ്പിലായത് 17-18 സാമ്പത്തിക വർഷമാണ്. ഇപ്രകാരം താമസമുണ്ടായത് സംബന്ധിച്ച് രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. സ്ഥലപരമായ പ്രത്യേകതകൾ കാരണം എസ്റ്റിമേറ്റ് ഇനങ്ങളിൽ വ്യത്യാസം വന്നതിനാൽ ഒറിജിനൽ എസ്റ്റിമേറ്റ് തുകയിൽ അധികരിക്കാതെ റിവൈസ് ചെയ്യുന്നതിന് 31-3-17-ലെ1(15) കമ്മറ്റി തീരുമാന പ്രകാരം അനുമതി നൽകിയതനുസരിച്ച് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും സാങ്കേതികാനുമതി നമ്പരും

തീയതിയും ഫയലിൽ സൂക്ഷിച്ചിട്ടുള്ള പകർപ്പിൽ രേഖപ്പെടുത്തിയിട്ടില്ല. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രോജക്ടിന് തുടർനടപടി സ്വീകരിക്കുന്നതിൽ കാലതാമസമുണ്ടായത് അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-9 ഗാർഹിക ബയോഗ്യാസ് പ്ലാന്റ് -നടപ്പിലാക്കിയില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവഹണ ഉദ്യോഗസ്ഥനായി ആസൂത്രണം ചെയ്ത ഗാർഹിക ബയോഗ്യാസ് പ്ലാന്റ് എന്ന സംയുക്ത പ്രോജക്ടിനായി ബ്ലോക്ക് വിഹിതം ലഭിച്ചുവെങ്കിലും പദ്ധതി നടപ്പിലാക്കാതെ തുക ട്രഷറി അക്കൗണ്ടിൽ സൂക്ഷിക്കുന്നു. പ്രസതുത പദ്ധതിക്കായി ബ്ലോക്ക് പഞ്ചായത്ത് വിഹിതമായ 4,00,000/-രൂപ 19-10-17തീയതിയിൽ സംയുക്ത പ്രോജക്ടിനായുള്ള ട്രഷറി അക്കൗണ്ടിൽ വരവു വന്നെങ്കിലും ടി പദ്ധതി നടപ്പാക്കിയിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട രേഖാമൂലം നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സംയുക്ത പ്രോജക്ടിനായി തുകവരവു വന്നിട്ട് തുക ചെലവഴിക്കാതെ അക്കൗണ്ടിൽ സൂക്ഷിക്കുന്നത് അംഗീകരിക്കാനാവില്ല. തുക തിരിച്ചടച്ച് വിവരം അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ - 18/30-7-18

## 3-10 അധികം നൽകിയ കയറ്റിറക്കു കൂലി ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് തിരികെ ഒടുക്കി

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ അനുപൂരക പോഷകാഹാര പരിപാടി എന്ന പ്രോജക്ടിനായി (പ്രോജക്ട് നമ്പർ169/18) ഭക്ഷ്യസാധനങ്ങൾ അങ്കണവാടികളിൽ എത്തിക്കുന്നതിനായി വിവിധ ബില്ലുകൾ പ്രകാരം തുക നൽകിയതിൽ 4196/- രൂപാ അധികം നൽകിയിരിക്കുന്നു. പ്രോജക്ടിനായി 19-1-18 തീയതിയിലെ ബിൽ നമ്പർ V/14.11.2017 പ്രകാരം പിൻവലിച്ച 3,17,176/-രൂപയിൽ കയറ്റിറക്കു കൂലിയായി ശ്രീ.തുളസീധരൻപിള്ളയ്ക്ക് നൽകിയ 8,197/-രൂപയിൽ 4,196/- രൂപ ബിൽ നമ്പർ V/14-11-17പ്രകാരം പിൻവലിച്ച 5,16,374/- രൂപയിൽ നിന്നും കയറ്റിറക്കു

കൂലി യായി നൽകിയ 38,048 /-രൂപയിൽ ഉൾപ്പെട്ടിരുന്നതാണ്. ആയതിന് നൽകിയ ഓഡിറ്റ് എൻക്വയറി ക്ക് (17/30-7-18 ) മറുപടിയായി ടി തുക 1-8-2018 തീയതിയിലെ kl004691417201819m നമ്പർ ചലാൻ പ്രകാരം കുണ്ടറ സബ്ട്രഷറിയിൽ തിരികെ ഒടുക്കി പകർപ്പ് ഹാജരാക്കിയിട്ടുണ്ട്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-11 വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നടപ്പിലാക്കിയ ഭവന പുനരുദ്ധാരണം -പണി പൂർത്തീകരിച്ചിട്ടില്ല

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ഭവനപുനരുദ്ധാരണം എസ്.സി, ജനറൽ എന്നീ പദ്ധതികളിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ പണി പൂർത്തിയാക്കി മുഴുവൻ തുകയും കൈപ്പറ്റിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | ഗുണഭോക്താവിന്റെ പേര് | ആകെ നൽകുന്ന തുക | നൽകിയ തുക |
|---|---|---|---|
| ഭവനപുനരുദ്ധാരണം എസ്.സി (പ്രോജക്ട് നമ്പർ 49) | ഗീതാ വിജയൻ | 75,000 | 57,000 |
| ഭവനപുനരുദ്ധാരണം ജനറൽ (പ്രോജക്ട് നമ്പർ 47) | ഓമനമ്മ | 25,000 | 12,500 |
| ഭവനപുനരുദ്ധാരണം ജനറൽ (പ്രോജക്ട് നമ്പർ 47) | ഭവാനി | 25,000 | 12,500 |
| ഭവനപുനരുദ്ധാരണം ജനറൽ (പ്രോജക്ട് നമ്പർ 47) | മിനികുമാരി | 25,000 | 12,500 |

| | | | |
|---|---|---|---|
| ഭവനപുനരുദ്ധാരണം ജനറൽ (പ്രോജക്ട് നമ്പർ 47) | സൂസമ്മ വർഗ്ഗീസ് | 25,000 | 12,500 |

ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 16/30-7-18 ന് മറുപടിയായി ടിയാളുകൾ പണി പൂർത്തിയാക്കിയിട്ടുണ്ടെന്നും ബാക്കി തുക ഉടനെ നൽകുന്നതാണെന്നും വി.ഇ.ഒ. അറിയിച്ചിട്ടുണ്ട്. പണി പൂർത്തീകരിച്ചതിന്റെയും തുക നൽകിയതിന്റെയും രേഖകൾ ഹാജരാക്കേണ്ടതാണ്.

## 3-12 <u>തുക നൽകിയെങ്കിലും ഓട്ടോ വാങ്ങിയില്ല.</u>

യുവജനങ്ങൾക്ക് ഓട്ടോ , പിക് അപ്പ് ഓട്ടോ വാങ്ങൽ (എസ്.സി) (പ്രോജക്റ്റ് നമ്പർ 43 ) എന്ന പ്രോജക്ടിനായ് ബാങ്ക് സബ്സിഡിയിനത്തിൽ ഒരാൾക്ക് അൻപതിനായിരം രൂപ നിരക്കിൽ തുക നൽകിയെങ്കിലും ടിയാളുകൾ നാളിതുവരെ ലോൺ എടുക്കുകയോ ഓട്ടോ, പിക് അപ്പ് ഓട്ടോ വാങ്ങുകയോ ചെയ്തിട്ടില്ല. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ബിൽ നമ്പർ, തീയതി | ഗുണഭോക്താവിന്റെ പേര് | നൽകിയ തുക | തുക നൽകിയ ബാങ്ക് |
|---|---|---|---|
| 32/20-2-18 | പ്രസന്നൻ | 50,000 | പഞ്ചാബ് നാഷണൽ ബാങ്ക് |
| 32/20-2-18 | സുരേഷ് ബാബു | 50,000 | പഞ്ചാബ് നാഷണൽ ബാങ്ക് |
| 39/14-3-18 | സിബിൻ | 50,000 | പഞ്ചാബ് നാഷണൽ ബാങ്ക് |
| 39/14-3-18 | അഖിൽ | 50,000 | പഞ്ചാബ് നാഷണൽ ബാങ്ക് |
| 45/28-3-18 | മണികണ്ഠൻ | 50,000 | കാനറാ ബാങ്ക് |

| | | | |
|---|---|---|---|
| 46/28-3-18 | അമൽ | 50,000 | പഞ്ചാബ് നാഷണൽ ബാങ്ക് |
| | ആകെ | 3,00,000 | |

ടിയാളുകൾ ലോൺ എടുത്തതിന്റെ വിവരങ്ങൾ ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ആവശ്യമായ രേഖകൾ ഹാജരാക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. ആയതിനാൽ ടി തുകയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. തുക ബന്ധപ്പെട്ട ബാങ്കിൽ നിന്നും എത്രയും വേഗം തിരികെ ഈടാക്കി സഞ്ചിതനിധിയിൽ ഒടുക്കു വരുത്തി വിവരമറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം. – 8/28.7.2018

## 3-13 മരുന്നു വാങ്ങുന്നതിന് വേണ്ടിയുള്ള പ്രോജക്ടുകൾ-മരുന്നുകൾ യഥാസമയം ലഭ്യമാക്കിയില്ല.

അലോപ്പതി -ആയുർവ്വേദ മെഡിക്കലോഫീസർമാർ നിർവ്വഹണം നടത്തിയ മരുന്നു വാങ്ങുന്നതിന് വേണ്ടിയുള്ള പ്രോജക്ടുകളിൽ മരുന്നു വാങ്ങുന്നതിനായി തുക മുൻകൂറായി നിക്ഷേപിച്ചെങ്കിലും മരുന്നുകൾ ഓഡിറ്റ് കാലയളവിലും പൂർണ്ണമായി ലഭ്യമായിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | പ്രോജക്ടിന്റെ വിവരം | മരുന്നു വാങ്ങുന്നതിനായി നിക്ഷേപിച്ച തുക/ സ്ഥാപനം | ബിൽ നം, തീയതി | ലഭിച്ച മരുന്നുകളുടെ വില | ലഭ്യമാക്കാനവശേഷിക്കുന്ന മരുന്നുകളുടെ വില |
|---|---|---|---|---|---|---|
| 1 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | പാലിയേറ്റീവ് കെയർ, പ്രോജക്ട് നം 37/18, വികസനഫണ്ട് 500000/-, | 126074/- KMSCL, TVM | 5/15-3-18 | - | 126074/- |
| 2 | മെഡിക്കൽ ഓഫീസർ, | ഹോമിയോ ആശുപത്രിക്ക് | 100000/- | 5/25-10-17 | 0 | 100000/- |

| | | | | | | |
|---|---|---|---|---|---|---|
| | ആയുർവേദം | മരുന്ന വാങ്ങുന്നതിനായി HOMCO യ്ക്ക് തുക നല്കൽ, പ്രോജക്ട് നം 97/18, MGNR 100000/- | | | | |
| 3 | മെഡിക്കൽ ഓഫീസർ, ആയുർവേദം | സംശമനി പദ്ധതി, പ്രോജക്ട് നം 79/18, MGNR 100000/- | 100000/- | 2/11-10-17 | 81722/- | 18278/- |
| 4 | മെഡിക്കൽ ഓഫീസർ, ആയുർവേദം | ആയുർവ്വേദ ആശുപത്രിക്ക് മരുന്ന വാങ്ങൽ, പ്രോജക്ട് നം 78/18, MGNR 300000/- | 300000/- | 3/11-10-17 | 243909/- | 56091/- |

ലഭ്യമാക്കാനവശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കി സ്റ്റോക്കിലെടുത്തതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

## 3-14 വിനിയോഗ സർട്ടിഫിക്കറ്റുകൾ ഹാജരാക്കിയിട്ടില്ല.

ചുവടെ ചേർക്കുന്ന പദ്ധതികൾക്ക് വേണ്ടി ചെലവഴിച്ച തുകകളുടെ വിനിയോഗ സർട്ടിഫിക്കറ്റുകൾ ഹാജരാക്കാത്തതിനാൽ തുകകൾ തടസ്സപ്പെടുത്തുന്നു. വിനിയോഗ സർട്ടിഫിക്കറ്റുകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

| ക്രമ നം | പദ്ധതിയുടെ പേര്, അടങ്കൽ തുക<br>ചെലവഴിച്ച തുക (ബിൽ നം) | നിർവ്വഹണോദ്യോഗസ്ഥൻ | തടസ്സപ്പെടുത്തുന്ന തുക (രൂപ) | കാരണം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | എസ്.എസ്.എ, പഞ്ചായത്ത് വിഹിതം 2/18, വികസനഫണ്ട് (ജനറൽ)-2000000/- | സെക്രട്ടറി | 2000000/-(ബിൽ നം1/19-7-17) | ധനവിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. |
| | എസ്.എസ്.എ, പഞ്ചായത്ത് വിഹിതം 168/18,വികസനഫണ്ട് (എസ്.സി.പി)- 700000/- | സെക്രട്ടറി. | 700000/-(ബിൽ നം 2/19-7-17) | " |
| 2 | പി.എം.എ.വൈ പഞ്ചായത്ത് വിഹിതം 12/18<br>വികസന ഫണ്ട്(ജനറൽ)- 128825/- | സെക്രട്ടറി. | 128825/-<br>(ബിൽ നം 21/30-1-18) | ബ്ലോക്ക് പഞ്ചായത്തിലേക്ക് തുക കൈമാറിയിട്ടുണ്ടെങ്കിലും പണി പൂർത്തീകരിച്ച് ധനവിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല |
| 3 | പി.എം.എ.വൈ പഞ്ചായത്ത് വിഹിതം എസ്.സി.32/18<br>വികസന ഫണ്ട് (എസ്.സി.പി)- 210000/- | സെക്രട്ടറി. | 210000/-<br>(ബിൽ നം 20/30-1-18) | " |
| 4 | ട്രൈ സ്കൂട്ടർ പഞ്ചായത്ത് വിഹിതം അടക്കൽ 14/18<br>വികസന ഫണ്ട്(ജനറൽ)- 200000/- | സെക്രട്ടറി. | 200000/(ബിൽ നം 7/27-8-17)- | ജില്ലാ പഞ്ചായത്തിലേക്ക് തുക കൈമാറിയിട്ടുണ്ടെങ്കിലും ധനവിനിയോഗ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല |
| 5 | ജീവനം ഡയാലിസിസ് യൂണിറ്റ്<br>28/18 വികസന ഫണ്ട്(ജനറൽ)- 100000/- | സെക്രട്ടറി. | 100000/-<br>(ബിൽ നം 24/29-2-18) | " |

| | | | | |
|---|---|---|---|---|
| 6 | 2011-15 എസ്.സി ഗുണഭോക്താക്കൾക്ക് ഐ.എ.വൈ ധനസഹായം<br>വികസന ഫണ്ട് (എസ്.സി.പി)- 925000/- | സെക്രട്ടറി. | 925000/-<br>(ബിൽ നം 19/27-1-18) | ബ്ലോക്ക് പഞ്ചായത്തിലേക്ക് തുക കൈമാറിയിട്ടുണ്ടെങ്കിലും പണി പൂർത്തീകരിച്ച് ധനവിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. |
| 7 | ഇളമ്പള്ളൂർ ഗ്രാമ പഞ്ചായത്ത് വാർഡ് 11 അംഗൻവാടി നിർമ്മാണം | സെക്രട്ടറി. | 220000/-<br>(ബിൽ നം 26/15-3-18) | PWD യ്ക്ക് തുക നല്കിയിട്ടുണ്ടെങ്കിലും പണി പൂർത്തീകരിച്ച് കെട്ടിടം കൈമാറിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. |
| 8 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ.<br>28/18 ധനകാര്യ കമ്മീഷൻ അവാർഡ് -1335303/- | സെക്രട്ടറി. | 1334500/-(ബിൽ നം 22/29-1-18) | വാട്ടർ അതോറിറ്റിക്ക് തുക കൈമാറിയിട്ടുണ്ടെങ്കിലും പണി പൂർത്തീകരിച്ച് ധനവിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. |
| 9 | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ രണ്ടാം ഘട്ടം<br>187/18 ധനകാര്യ കമ്മീഷൻ അവാർഡ്- 1888000/- | സെക്രട്ടറി. | 1888000/-<br>(ബിൽ നം 34/28-3-18) | " |
| 10 | തെരുവ് വിളക്ക് മീറ്ററിംഗ് സ്ഥാപിക്കൽ, 182/18,ധനകാര്യ കമ്മീഷൻ അവാർഡ്- 966570/- | സെക്രട്ടറി. | 274500/- കുണ്ടറ കെ.എസ്.ഇ.ബി,<br>(ബിൽ നം 29/15-3-18)<br>530000/-(ബിൽ നം 33/28-3-18) ,പെരുമ്പുഴ കെ.എസ്.ഇ.ബി. | വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല |
| 11 | പ്രത്യേക കന്നുകുട്ടി പരിപാലനം ,82/18, | വെറ്ററിനറി സർജൻ | 625000/- | ധനവിനിയോഗ സർട്ടിഫിക്കറ്റ് |

| | | | | |
|---|---|---|---|---|
| | വികസന ഫണ്ട്(ജനറൽ)-625000/- | | (ബിൽ നം 5/18-1-18) | ഹാജരാക്കിയിട്ടില്ല |
| | | ആകെ | 9,135,825/- | |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 1508000 | നെൽക്കൃഷി വികസനം<br>അങ്കണവാടി പോഷകാഹാരം<br>പാലിന് സബ്സിഡി | 1397500 | 110500 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 4250000 | ശാരീരിക-മാനസിക വെല്ലുവിളി നേരിടുന്നവർക്ക് ധനസഹായം<br>പാടശേഖര സമിതിക്ക് ധനസഹായം | 1850000 | 2510500 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ/ബിൽ/ ചെക്ക് നം./ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1. | 2017/18 കേരളാ വാട്ടർ | പൈപ്പ്ലൈൻ | 22/29-1-18 | 1334500 | 0 | 1334500 |

| | | | | | | |
|---|---|---|---|---|---|---|
| | അതോറിറ്റി | എക്സ്റ്റൻഷൻ | | | | |
| 2. | കേരളാ വാട്ടർ അതോറിറ്റി 187/18 | പൈപ്പ്ലൈൻ എക്സ്റ്റൻഷൻ | 34/28-3-18 | 1888000 | 0 | 1888000 |
| 3. | കെ.എസ്.ഇ.ബി 182/18 | മീറ്ററിംഗ് | 29/15-3-18 & 33/28-3-18 | 804500 | 0 | 804500 |
| 4. | കേരളാ വാട്ടർ അതോറിറ്റി 118/18 | ചപ്പാത്തിപ്പാലം കുടിവെള്ള പദ്ധതി | 10/ 26-8-2017 | 1000000 | 0 | 1000000 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻ വർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവന പദ്ധതി | | 90,00,000 | 19,82,174 | 19,12,000 | | 70174 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 26,704/-രൂപയുടെ വിശദാംശങ്ങൾ

താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2016-17 | 3-1 | 26704 | പി.ഒ.മാത്യു, സെക്രട്ടറി | കാനറ ബാങ്ക്, കുണ്ടറ അക്കൗണ്ട് നം.35821010006729 22.03.2018 |

## 4-7 സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പുപ്രകാരമുള്ള സമാഹൃതറിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴ ത്തെ അവസ്ഥ |
|---|---|---|---|---|---|
| 2006 -07 | 3.11.5 | 2012 | 71 | കൺവീനർ മാർക്ക് നല്കിയ മുൻകൂർ തുക ക്രമപ്പെട്ട ത്തിയിട്ടില്ല | ലോക്കൽ ഫണ്ട് അക്കൗ ണ്ട്സ് കമ്മിറ്റി യുടെ പരിഗണന യിലാണ്. |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ)സംക്ഷിപ്തം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 10,85,42,552 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 9,73,67,794 |
| വരവിനങ്ങളിലെ നഷ്ടം | 97,463 |
| അംഗീകരിക്കാത്ത തുക | 3,27,530 |
| ഓഡിറ്റിൽ തടസപ്പെടുത്തിയ തുക | 93,29,719 |

(ബി)പഞ്ചായത്ത്ഫണ്ടിനുണ്ടായവ്യക്തമായ നഷ്ടത്തിൻറെ വിവരം

| ഖണ്ഡിക നം | നഷ്ടമായ തുക | | ഉത്തരവാദിയായ ഉദ്യോഗസ്ഥൻറ വിവരം |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-4(1) | 15000 | | ശ്രീ. പി. ഒ . മാത്യു , സെക്രട്ടറി |
| 2-4(1) | 75,000 | | ശ്രീ.സ്റ്റീഫൻമോത്തീസ്,സെക്രട്ടറി |
| 2-10 | 7,463 | | ശ്രീ.സ്റ്റീഫൻമോത്തീസ്,സെക്രട്ടറി |
| 3-5 | | 5000 | ശ്രീ.സജികുമാർ,കൃഷിഓഫീസർ |
| 3-6 | | 16,500 | ശ്രീ.സ്റ്റീഫൻമോത്തീസ്,സെക്രട്ടറി |
| 3-7 | | 6030 | ശ്രീമതി.ഗ്രേസി തോമസ്,എച്ച്.എം |
| 3-12 | | 3,00,000 | ശ്രീമതി.ലത ,അസി.സെക്രട്ടറി |

ഓഡിറ്റിൽ തടസപ്പെടുത്തിയ തുക

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4(1) | 42,469/- | ശ്രീ.സജികുമാർ, കൃഷിഓഫീസർ |
| 3-4(2) | 1,13,925/- | ശ്രീ.സജികുമാർ, കൃഷിഓഫീസർ |

| | | |
|---|---|---|
| 3-4(3) | 37,500/- | ശ്രീ.സജികുമാർ,, കൃഷിഓഫീസർ |
| 3-14(1)മുതൽ(10) | 85,10,825/- | ശ്രീ.സ്റ്റീഫൻമോത്തീസ്, സെക്രട്ടറി |
| 3-14(11) | 6,25,000/- | ശ്രീ.പ്രദീപ്, വെറ്ററിനറി സർജൻ |

സി)കേന്ദ്ര-സംസ്ഥാനസർക്കാരുകൾ,മററു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായനഷ്ടത്തിൻറ വിവരം

ഇല്ല

ഡി)നഷ്ടം നിജപ്പെടുത്താൻകൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ)റിപ്പോർട്ടിൽപ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെസ്ഥിരം മേൽവിലാസങ്ങൾ

| | പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ശ്രീ.സജികുമാർ , കൃഷിഓഫീസർ | കൃഷിഓഫീസർ, ഇളമ്പള്ളൂർ | സരോവരം, സാരഥിജംഗ്ഷൻ, കരിക്കോട്, ടി.കെ.എം.സി. പി.ഒ |
| 2 | സ്ററീഫൻ മോത്തീസ്, സെക്രട്ടറി | സെക്രട്ടറി, ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത് | സങ്കീർത്തനം സ്നേഹ നഗർ, അയത്തിൽ പി.ഒ, കൊല്ലം |
| 3 | ശ്രീമതി ഗ്രേസി തോമസ്, ഹെഡ്മിസ്ട്രസ്സ് | ഹെഡ്മിസ്ട്രസ്സ് ഇളമ്പള്ളൂർ | കുന്നേൽ വില്ല, മുണ്ടക്കൽ, പെരുമ്പുഴ,പി.ഒ, |
| 4 | ശ്രീമതി.ലത, അസി.സെക്രട്ടറി | അസിസ്റ്റൻറ് സെക്രട്ടറി ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്ത് | വൃന്ദാവനം, പ്രാക്കുളം.പി.ഒ,കൊല്ലം |
| 5 | ശ്രീ.പി. ഒ. മാത്യു സെക്രട്ടറി | വിരമിച്ചു | മുക്കടവിൽ ഹവുസ്, ഈസ്റ്റ് കല്ലട പി.ഒ, 691502 |

## 4-10 തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ ക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് | ഈ വകുപ്പിൽ | തീർപ്പാ |
|---|---|---|

| വർഷം | നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | ക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-2001 | കെ.എസ്.എ.കെ.എൽ.എം.പി.7/418/18/ 26.02.2018 | 2 |
| 2001-2002 | കെ.എസ്.എ.കെ.എൽ.എം.പി.7/418/18/ 26.02.2018 | 2 |
| 2002-2003 | കെ.എസ്.എ.കെ.എൽ.എം.പി.7/418/18/ 26.02.2018 | 2 |
| 2003-2004 | കെ.എസ്.എ.കെ.എൽ.എം.പി.7/418/18/ 26.02.2018 | 6 |
| 2004-2005 | കെ.എസ്.എ.കെ.എൽ.എം.പി.7/418/18/ 26.02.2018 | 4 |
| 2005-2006 | കെ.എസ്.എ.കെ.എൽ.എം.പി.7/418/18/ 26.02.2018 | 9 |
| 2006-2007 | എൽ.എഫ്.ക്യൂ.പി.1/1346/14, 26.06.2014 | 8 |
| 2007-2008 | എൽ.എഫ്.ക്യൂ.പി.7/1346/14/ 26.06.2014 | 17 |
| 2008-2009 | എൽ.എഫ്.ക്യൂ.പി.7/1346/14/ 26.06.2014 | 12 |
| 2009-2010 | എൽ.എഫ്.ക്യൂ.പി.7/1346/14/ 26.06.2014 | 12 |
| 2010-11,2011-2012 | എൽ.എഫ്.ക്യൂ.പി.1/1441/13/ 04.10.2013 | 19 |
| 2012042-13,2013-14 | കെ.എസ്.എ-കെ.എൽ.എം-പി.1/2070 | 19 |

| | | |
|---|---|---|
| | /2014,27/10/15 | |
| 2014-15 | കെ.എസ്.എ-കെ.എൽ.എം-പി.1/1145/16 /20.03.2017 | 32 |
| 2015-16 | കെ.എസ്.എ-കെ.എൽ.എം-പി.1/49 /17/10.2.2017 | 17 |
| 2016-17 | കെ.എസ്.എ-കെ.എൽ.എം-പി.7/1373 /17/9.10.2017 | 21 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

**അനുബന്ധം-1**

## സാക്ഷ്യപത്രം 2017 -18

കെ.എസ്.എ. കെ.എൽ.എം -പി7-1542/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി – 13/11/2018

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ്

സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഇളമ്പള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.